NERVEEDHI

Volume - 15, Issue - 07, 10th July 2026, Monthly, Published at Kottayam

വാല്യം - 15, ലക്കം - 07, 10 ജൂലായ് 2026 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## സ്നേഹത്തിന്റെ വടിയും വിശുദ്ധിയുടെ വഴിയും

പേജ് 11

Editorial

# സമസ്തമേഖലകളിലും സമൂല പരിവർത്തനം

മനുഷ്യൻ മാറ്റത്തിനായി തിരയുകയാണ്. ശാസ്ത്രം പുരോഗമിച്ചു, സാങ്കേതികവിദ്യ വളർന്നു, ജീവിതസൗകര്യങ്ങൾ വർധിച്ചു, എങ്കിലും മനുഷ്യഹൃദയത്തിലെ ശൂന്യതയും അസ്വസ്ഥതയും അവശേഷിക്കുന്നു. സമാധാനം തേടുന്നവരും പ്രത്യാശ നഷ്ടപ്പെട്ടവരും ഇന്നും ധാരാളം. എന്തുനേടിയാലും സംതൃപ്തിയില്ലാത്ത മനുഷ്യരുടെ എണ്ണം വർദ്ധിക്കുകയാണ്. എന്തുമാറ്റമായിരിക്കും മനുഷ്യന് സംതൃപ്തിയും ആശ്വാസവും പ്രത്യാശയും നൽകുന്നത്? ധനത്തോടുള്ള സക്കായിയുടെ ആർത്തിയാണ് ജനത്തെ വഞ്ചിക്കുവാൻ അവനെ പ്രേരിപ്പിച്ചത്. കണക്കുകൾ കൊണ്ട് വിശദീകരിച്ചാൽ ഒരുപക്ഷെ കൂടുതൽ വ്യക്തത ലഭിക്കും. അവന്റെ ആസ്തി 100 കോടി രൂപ ആണെന്നിരിക്കട്ടെ. പാതി അവൻ ദരിദ്രർക്ക് കൊടുക്കുമ്പോൾ അത് 50 കോടിയായി കുറഞ്ഞു. ചതിവായി വാങ്ങിയത് 12.5 കോടി ആണെങ്കിൽ നാലിരട്ടി മടക്കി കൊടുത്തു കഴിഞ്ഞാൽ അവൻ ആസ്തിയില്ലാതെ ദരിദ്രനായിത്തീരുന്നു. അത്യാഡംബരജീവിതം നയിച്ച അവനു ഇപ്പോൾ ശമ്പളം മാത്രം ആണ് വരുമാനം. വളരെ ലളിതമായി ജീവിച്ചെങ്കിൽ മാത്രമേ വരവുകൊണ്ട് ചിലവ് നികത്താനാവൂ. സകലവിധ ആഡംബരവും ധൂർത്തും ഒഴിവാക്കിയുള്ള ജീവിതം, അവന്റെ തന്നെ സ്വന്തതീരുമാനം ആയിരുന്നു. ധനസമൃദ്ധി കൊണ്ട് ദൈവാശ്രയം തീരെ നഷ്ടപ്പെട്ടിരുന്ന സക്കായി ഇപ്പോൾ ദൈവത്തിലാശ്രയിക്കുന്നവനായി മാറി. ഒട്ടും മനസ്സലിവില്ലാതിരുന്നവൻ ഇപ്പോൾ കരുണയും ദയയുമുള്ളവനായി. സമസ്ത മേഖലകളിലും ഒരു സമൂല പരിവർത്തനം.

പാപം ഏറ്റുപറയുന്നവന് യേശു ക്ഷമ നൽകുന്നു, പ്രത്യാശ നൽകുന്നു, ധൈര്യം നൽകുന്നു, ശരിയായ ദിശ കാണിച്ചുകൊടുക്കുന്നു. മതാചാരങ്ങൾക്കപ്പുറം യേശുവുമായുള്ള വ്യക്തിപരമായ ബന്ധമാണ് ജീവിതമാറ്റത്തിന് കാരണമാകുന്നത്. യേശുവിനെ അറിയുകയും തന്റെ വഴികളിൽ നടക്കുകയും ചെയ്യുന്നവർ ദൈവഹിതപ്രകാരം ജീവിക്കുവാൻ പഠിക്കുന്നു. പ്രതിസന്ധികൾ ഏറെയെങ്കിലും നേരിടുവാനുള്ള ശക്തി അവർക്ക് ലഭിക്കുന്നു. ആ മാറ്റമാണ് യഥാർത്ഥ അത്ഭുതം. യേശുവുമായുള്ള കൂടിക്കാഴ്ച ഒരു പുതിയ ജീവിതത്തിന്റെ തുടക്കമാണ്. പാപിയായ മനുഷ്യനെ പ്രത്യാശയിലേക്കും വിശുദ്ധിയിലേക്കും ദൈവിക ലക്ഷ്യത്തിലേക്കും നയിക്കുന്ന അനുഗ്രഹീതമായ യാത്ര.

യേശുവിനെ യഥാർത്ഥമായി കണ്ടുമുട്ടിയ ഒരാളും പഴയമനുഷ്യനായി തുടർന്നിട്ടില്ല. മീൻപിടിത്തക്കാരനായ പത്രോസ് ദൈവരാജ്യത്തിന്റെ ശക്തനായ അപ്പൊസ്തലനായി മാറി. സഭയെ പീഡിപ്പിച്ച ശൗൽ, ദമസ്കൊസിലേക്കുള്ള വഴിയിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയപ്പോൾ ശ്രേഷ്ഠ അപ്പോസ്തലനും ലോകത്തെ സ്വാധീനിച്ചവനുമായി മാറി. യേശുവുമായുള്ള കൂടിക്കാഴ്ച അവരുടെ ഹൃദയങ്ങളെയും ജീവിതലക്ഷ്യങ്ങളെയും രൂപാന്തരപ്പെടുത്തി.

ഈ ലക്കത്തിലെ സന്ദേശം ജീവിതത്തിന്റെ സമൂല പരിവർത്തനത്തിന് ഊന്നൽ നൽകുന്നു. മറ്റിതര ലേഖനങ്ങളും പ്രബുദ്ധമായ ആത്മിക ചിന്തകളാണ്. ഓരോന്നും ആത്മികവർദ്ധനയ്ക്കായി പ്രയോജനപ്പെടുത്തുവാനും കർത്താവിന്റെ വീണ്ടും വരവിനായി ഒരുങ്ങി ജാഗ്രതയോടെ കാത്തിരിക്കുവാനും ദൈവം എല്ലാ വായനക്കാരെയും സഹായിക്കട്ടെ.

പുസ്തകം 15 ലക്കം 7
ജൂലായ് 2026

# ഈ ലക്കത്തിൽ


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൽട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബൂ ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos



**യേശുവുമായുള്ള കൂടിക്കാഴ്ച ഭവന....** 4
ജോയ് എം. തോമസ്

**മനുഷ്യനായ യേശുവും തേജോമയനായ...** 7
സാജു മാത്യു

**ഒരുക്കപ്പെട്ട നിത്യനഗരം** 9
ചെയ്സ് ജോസഫ്

**സ്നേഹത്തിന്റെ വടിയും വിശുദ്ധിയുടെ ...** 11
ചാൾസ് സ്പർജൻ

**എനിക്ക് ദാഹിക്കുന്നു** 14
ബെഞ്ചമിൻ വർഗീസ്

**കൗൺസലിംഗ് വീഥി** 16
ഡോ. കെ പി സജികുമാർ

**നീതിയും സ്നേഹവും ഒന്നിച്ചു ചേരുമ്പോൾ** 18
റിക്ക് വാറൻ

**വനിതാവീഥി** 20
സുജ വിനു

**ഗാന പശ്ചാത്തലം** 24

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# യേശുവുമായുള്ള കൂടിക്കാഴ്ച ഭവനതലത്തിലേക്ക്...

**മാ**നസാന്തരം ആവശ്യമുള്ളവരാണ് മനുഷ്യർ എല്ലാവരും. മാനസാന്തരം എന്നത് മനസ്സിനുണ്ടാകുന്ന രൂപാന്തരമാണ്. അതായത് ചിന്താഗതിയിലും മനോഭാവത്തിലും ഉണ്ടാകുന്ന മാറ്റം. ചിന്താഗതിയിൽ മാറ്റം വരുമ്പോൾ വാക്കിലും പ്രവൃത്തിയിലും ആഗ്രഹങ്ങളിലും നിരൂപണങ്ങളിലും എല്ലാം മാറ്റം ഉണ്ടാകും. അർത്ഥപൂർണ്ണമായ ജീവിതോദ്ദേശ്യം മനസ്സിലാക്കി നേർവഴിയിൽ അഥവാ ദൈവത്തിന്റെ വഴിയിൽ യാത്ര ചെയ്യുന്നതാണ് യഥാർത്ഥ മാനസാന്തരം. മാനസാന്തരത്തിന്റെ പ്രവൃത്തികളാണ് ഒരു വ്യക്തിയുടെ മാനസാന്തരത്തിന്റെ വ്യക്തമായ തെളിവ്.

വിശുദ്ധ ബൈബിളിൽ ധാരാളം നല്ല ഉദാഹരണങ്ങൾ മാനസാന്തരത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അതിലൊന്നാണ് സക്കായിയുടെ മാനസാന്തരം. ആ ഭാഗം ഇവിടെ എടുത്ത് ഉദ്ധരിക്കട്ടെ. '***അവൻ യെരീഹോവിൽ എത്തി കടന്നുപോകുമ്പോൾ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി എന്നു പേരുള്ളൊരു പുരുഷൻ, യേശു എങ്ങനെയുള്ളവൻ എന്നു കാൺമാൻ ശ്രമിച്ചു, വളർച്ചയിൽ കുറിയവൻ ആകകൊണ്ടു പുരുഷാരം നിമിത്തം കഴിഞ്ഞില്ല. എന്നാറെ അവൻ മുമ്പോട്ട് ഓടി, അവനെ കാണേണ്ടതിന് ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു. അവൻ ആ സ്ഥലത്ത് എത്തിയപ്പോൾ മേലോട്ടു നോക്കി: സക്കായിയേ, വേഗം ഇറങ്ങിവാ; ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്ന് അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ട് ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവർ എല്ലാം: അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു. സക്കായിയോ നിന്ന് കർത്താവിനോട്: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു. യേശു അവനോട്: ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീട്ടിനു രക്ഷ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് എന്നു പറഞ്ഞു (ലൂക്കോസ് 19:1-10).***

സക്കായിയുടെ മാനസാന്തരം അവന്റെ ഭവനത്തിനു തന്നെ രക്ഷയ്ക്കുള്ള മുഖാന്തരമായി. ഒരു ഭവനത്തിൽ നിന്നും ഒരു വ്യക്തി ദൈവത്തിന്റെ വഴിയിൽ

നടക്കുവാൻ തുടങ്ങുമ്പോൾ വാസ്തവത്തിൽ ആ വീട്ടിലുള്ള എല്ലാവർക്കും രക്ഷയുടെ ആവശ്യം ഗ്രഹിക്കുവാനും രക്ഷിക്കുന്ന ദൈവം ഒരുക്കിയ വഴി തിരഞ്ഞെടുക്കുവാനുള്ള അവസരമാണ്. അത് പ്രയോജനപ്പെടുത്തുന്ന ഭവനങ്ങൾ രക്ഷയുടെ സന്തോഷം അനുഭവിക്കുവാൻ ഇടയാകുന്നു.

യേശുവിനെക്കുറിച്ചുള്ള വാർത്ത കേട്ടതാണ് സക്കായിയുടെ മാനസാന്തരത്തിന്റെ തുടക്കം. യേശുവിനെക്കുറിച്ചുള്ള വാർത്ത ആണല്ലോ സുവിശേഷം. മാനസാന്തരത്തിലേക്ക് ജനങ്ങളെ നയിക്കുന്നു എന്നതാണ് സുവിശേഷത്തിന്റെ പ്രത്യേകത. മനുഷ്യർ എല്ലാവരും മാനസാന്തരപ്പെടണം എന്ന് ആഗ്രഹിക്കുന്ന ദൈവം, എല്ലാവരും രക്ഷകനായ യേശുവിന്റെ സുവിശേഷം കേൾക്കണമെന്നും വളരെ അധികം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സുവിശേഷം ലോകമെങ്ങും സകലജാതികളോടും പ്രസംഗിക്കണമെന്ന് യേശു കർത്താവ് കൽപ്പിച്ചിരിക്കുന്നത്.

നാം കേൾക്കുന്നതിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നതാണല്ലോ, കേട്ടത് എത്രമാത്രം പ്രയോജനപ്പെടും എന്ന് നിർണ്ണയിക്കുന്നത്. സക്കായിയുടെ പ്രതികരണം വളരെ നല്ലതായിരുന്നു. യേശു ആരാണെന്നു കാണണം എന്ന തീവ്രമായ ആഗ്രഹം തനിക്ക് ഉണ്ടായി. കാണാനുള്ള ആഗ്രഹത്തോടെ എത്തിയ അദ്ദേഹത്തിന് യേശുവിനെ കാണുവാൻ കഴിഞ്ഞില്ല. കാരണം അവന് ഉയരം കുറവായിരുന്നു. വലിയ പുരുഷാരത്തിന് പിറകിൽ നിന്നും എത്തിവലിഞ്ഞു നോക്കിയാലും കാണുവാൻ കഴിയുമായിരുന്നില്ല. എങ്കിലും അവൻ നിരാശപ്പെടാൻ വിസമ്മതിച്ചുകൊണ്ട് തന്റെ പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്തി. യേശുവിന്റെ അടുക്കൽ വരുവാൻ ആഗ്രഹിക്കുന്നവർക്ക് പല പ്രതികൂലങ്ങളും തടസ്സങ്ങളും ഉണ്ടാകും. പക്ഷേ അതിനെ അതിജീവിക്കുവാൻ നിശ്ചയദാർഢ്യം ഉള്ളവർക്ക് സാധ്യവുമാണ്.

എങ്ങനെയായിരുന്നു സക്കായി തനിക്കുണ്ടായ തടസ്സങ്ങളെ അതിജീവിച്ചത്? യേശു വരുന്ന വഴിയിലൂടെ അവൻ കുറേ ദൂരം മുമ്പോട്ട് ഓടി. യേശുവിനെ കാണേണ്ടതിന് ഒരു കാട്ടത്തിമേൽ കയറി. യഥാർത്ഥമായ മാനസാന്തരം വാസ്തവമായും ക്രിസ്തുവിങ്കലേക്ക് ആകർഷിക്കും. പാപത്തിൽ നിന്നും മോചനം പ്രാപിക്കുവാൻ വരേണ്ടത് രക്ഷകനായ യേശുവിലേക്ക് മാത്രമാണ്. വ്യക്തിപരമായി യേശുവുമായുള്ള കൂടിക്കാഴ്ച ജീവിതത്തെ രൂപാന്തരപ്പെടുത്തുക തന്നെ ചെയ്യും. കാട്ടത്തിമേൽ കയറി നോക്കിയപ്പോൾ യേശുവിനെ സക്കായിക്ക് നന്നായി കാണാം. എങ്കിലും യേശു തന്നെ കാണുന്നില്ല എന്നായിരുന്നു അവന്റെ ധാരണ. യേശു അവനെ കണ്ടു എന്ന വസ്തുത അവൻ മനസ്സിലാക്കിയതും ഇല്ല. എന്നാൽ കാട്ടത്തിയുടെ ചുവട്ടിൽ എത്തിയ യേശു മേൽപ്പോട്ട് നോക്കി. 'സക്കായിയെ വേഗം ഇറങ്ങി വാ' എന്നുപറഞ്ഞപ്പോൾ സക്കായി അത്ഭുതപ്പെട്ടുപോയി. തന്നെ കാണുന്ന, തന്റെ പേരുപോലും അറിയുന്ന യേശു!

ഇവിടെ യേശുവിനെക്കുറിച്ച് ഒരു ഉൾക്കാഴ്ച സക്കായിക്കുണ്ടായി. യേശു എല്ലാം അറിയുന്നവൻ എന്ന ബോധ്യം സക്കായിയുടെ രൂപാന്തരത്തിന് കാരണമായി. 'ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു' എന്ന യേശുവിന്റെ വാക്ക് സക്കായി പ്രതീക്ഷിച്ചതിനേക്കാൾ എത്രയോ വലുതായിരുന്നു! യേശുവിനോടുള്ള ബന്ധം നഷ്ടപ്പെടുത്തുവാൻ സക്കായി ഒട്ടും ആഗ്രഹിച്ചില്ല എന്നുമാത്രമല്ല, യേശുവിനെ നേടുവാനായി എന്തു വില കൊടുക്കുവാനും അവൻ തയ്യാറായി. സക്കായിക്ക് യേശുവിനെ അല്പമെങ്കിലും മനസ്സിലാക്കുവാൻ കഴിഞ്ഞു. അതുകൊണ്ട് പൂർണ്ണഹൃദയത്തോടെ, സന്തോഷത്തോടെ സക്കായി യേശുവിനെ സ്വീകരിച്ചു. തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഇതാണ് ശരിയായ മാനസാന്തരം.

സക്കായിയുടെ മാനസാന്തരം വെറും ഉപരിപ്ലവമായ ഒന്നല്ലായിരുന്നു, അത് യഥാർത്ഥമായും ഉണ്ടായ ആന്തരിക രൂപാന്തരം ആയിരുന്നു എന്നതിന്റെ തെളിവാണ് സക്കായിയിൽ നിന്നുണ്ടായ ശരിയായ തീരുമാനങ്ങളും പ്രവൃത്തികളും. മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികളാണ് സക്കായിയിൽ നിന്നും ഉണ്ടായത്. അത്രത്തോളം ആരും തന്നെ പ്രതീക്ഷിച്ചിട്ടുണ്ടാവില്ല! അതേസമയം കർത്താവിന് അത് മറവായിരുന്നില്ലതാനും!

യേശു, സക്കായിയോടൊപ്പം നടന്നുനീങ്ങുമ്പോൾ, അത് കണ്ടവർക്ക് ഉൾക്കൊള്ളുവാനോ പൊരുത്തപ്പെടുവാനോ കഴിഞ്ഞില്ല. പരിശുദ്ധനായ യേശുവും പാപിയായ സക്കായിയും ഒരുമിച്ചു നടക്കുന്നത് എങ്ങനെ യോജിക്കും? പാപിയായ ഒരു മനുഷ്യന്റെ വീട്ടിൽ പാർക്കുവാൻ യേശു പോവുകയോ? ഈ ചിന്തകൾക്ക് യേശു മറുപടി നൽകുന്നുണ്ട്. 'കാണാതെ പോയതിനെ തിരഞ്ഞ് രക്ഷി

പ്പാനല്ലോ മനുഷ്യപുത്രൻ വന്നത്' എന്ന് പറഞ്ഞു. പാപിയെ രക്ഷിക്കുവാൻ അവനെ തേടിവന്ന സാക്ഷാൽ രക്ഷകനാണ് യേശു! രക്ഷകനെ തിരിച്ചറിഞ്ഞ് സ്വീകരിക്കുന്നവർ അനുഗ്രഹീതരാണ്. അവർ മറ്റു പാപികളെയും രക്ഷകന്റെ അരികിലേക്ക് എത്തിക്കുവാൻ ശ്രമിച്ചാൽ അത് ഏറ്റവും വലിയ പുണ്യപ്രവൃത്തിയാണ്.

മാനസാന്തരപ്പെട്ട സക്കായിക്ക് അതിന്റെ പൊരുൾ മനസ്സിലായി. തനിക്കുണ്ടായ മാനസാന്തരം പ്രവൃത്തിയിൽ വെളിപ്പെട്ടാൽ മാത്രമേ, തന്നെ അറിയുന്നവർക്ക് അത് ബോധ്യമാവുകയുള്ളൂ. കാരണം ചുങ്കക്കാരനായ താൻ വെട്ടിപ്പും തട്ടിപ്പും ചെയ്തു പോന്നവനാണ്. അക്കാരണത്താൽ, തന്നെക്കുറിച്ച് നല്ലത് പറയുവാൻ ആർക്കും കഴിയുകയുമില്ല. കാരണം സക്കായി പാപിയായ ഒരു മനുഷ്യൻ. എല്ലാവരും കേൾക്കെ സക്കായി യേശുവിനോട് പറഞ്ഞു, 'കർത്താവേ, എന്റെ വസ്തുവകയിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്, വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങ് മടക്കി കൊടുക്കുന്നു എന്നു പറഞ്ഞു.' ഇതാണ് യഥാർത്ഥ മാനസാന്തരത്തിന് യോഗ്യമായ ഫലം. ക്രമപ്പെടുത്തേണ്ട എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തുന്നു, ജീവിതം കൊണ്ട് തെളിയിക്കപ്പെടുന്ന മാനസാന്തരം! രക്ഷിക്കപ്പെടുന്നവന്റെ അനുഭവം ഇതാണ്. ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നവർ മനുഷ്യരോടും നിരപ്പ് പ്രാപിക്കും. പിന്നെ അവരുടെ ജീവിതം ഒരു പുതിയ ജീവിതമാണ്.

'കർത്താവ് സക്കായി യെക്കുറിച്ച് പറയുന്നത് എന്താണെന്ന് ശ്രദ്ധിച്ചോ? 'ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നു'. എത്ര വലിയ അത്ഭുതമാണ് സക്കായിയുടെ ജീവിതത്തിൽ സംഭവിച്ചത്. ജനനം കൊണ്ട് സക്കായി അബ്രഹാമിന്റെ വംശത്തിൽ ജനിച്ചു എങ്കിലും ജീവിതം അതിനൊത്തവണ്ണം ആയിരുന്നില്ല. യേശുവിന്റെ വാക്കുകൾ സക്കായിയെ മാനസാന്തരത്തിലേക്കും, തുടർന്ന് ദൈവത്തിങ്കലേക്ക് മടങ്ങി വരുന്നതിനും സഹായിച്ചു. അവനും തന്റെ പിതാവായ അബ്രഹാമിന്റെ വിശ്വാസമുള്ളവനായിത്തീർന്നു. സമ്പത്തിലും ഉപരിയായി യേശുവിനെ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു ദൈവപൈതലായിത്തീർന്നു. അബ്രഹാമിന്റെ മകൻ എന്ന് വിളിക്കപ്പെടുവാൻ യോഗ്യനായി. സമ്പത്ത് ഒരിക്കലും അബ്രഹാമിനെ ആകർഷിച്ചിരുന്നില്ല. 'നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്, നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട്' എന്ന് പറഞ്ഞ് 'ഏറ്റവും നല്ലതും നീരോട്ടം ഉള്ളതുമായ ദേശം' എടുക്കുവാൻ ലോത്തിനെ അനുവദിക്കുമ്പോൾ അബ്രഹാമിന് സങ്കടമേ ഉണ്ടായില്ല. സമ്പത്തല്ല അബ്രഹാം അനുഗ്രഹമായി കണ്ടിരുന്നത്. പ്രത്യുത ദൈവത്തെത്തന്നെയാണ്! ഇപ്പോൾ സക്കായിയും അതേവഴി തന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അങ്ങനെ അവന്റെ മാനസാന്തരം സ്വന്തം വീട്ടുകാരുടെ രക്ഷയ്ക്കും വഴിയായിത്തീർന്നു.

**ഇതാണ് യഥാർത്ഥ മാനസാന്തരത്തിന് യോഗ്യമായ ഫലം. ക്രമപ്പെടുത്തേണ്ട എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തുന്നു, ജീവിതം കൊണ്ട് തെളിയിക്കപ്പെടുന്ന മാനസാന്തരം! രക്ഷിക്കപ്പെടുന്നവന്റെ അനുഭവം ഇതാണ്. ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നവർ മനുഷ്യരോടും നിരപ്പ് പ്രാപിക്കും.**

യഥാർത്ഥ മാനസാന്തരത്തിന്റെ ഉദാഹരണമാണ് നാം കണ്ടത്. ജീവിതവീക്ഷണവും ജീവിതത്തിലെ പരിഗണനകളും ആകമാനം മാറുന്ന ഒരു മാറ്റം. യഥാർത്ഥ ദൈവഭക്തിയുടെ വഴി തിരഞ്ഞെടുക്കുന്ന ഒരു ആന്തരിക രൂപാന്തരം. ഇതാണ് ഇന്ന് സകല മനുഷ്യർക്കും അനിവാര്യമായിരിക്കുന്നത്. 'ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു' (1 യോഹന്നാൻ 2:17). യേശു ചോദിക്കുന്നു: 'ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊള്ളുവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?' (മത്തായി 16: 26). ഗൗരവമായ ഈ ചോദ്യത്തെ അവഗണിക്കുവാൻ കഴിയുമോ? ഇത്ര വലിയ രക്ഷയെ അഗണ്യമായി കാണുകയോ?

•



സാജു മാത്യു

# മനുഷ്യനായ യേശുവും തേജോമയനായ യേശുവും

***'അവനെക്കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. അവൻ വലങ്കൈ എന്റെമേൽവെച്ചു: ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു...'(വെളിപ്പാട് 1:17).***

പലപ്പോഴും നാം ഇടപെടുന്ന ആളുകളുടെ ഔന്നത്യമറിയാതെ നാം അവരോട് പുച്ഛഭാവത്തോടെ (disrespect) ഇടപെടാറുണ്ട്... ഒരിക്കൽ അപകടത്തിൽ, സ്കൂട്ടർകാരനെ ഒരു ബസ് ഇടിച്ചുതെറിപ്പിച്ചു. ഹെൽമറ്റ് ധരിച്ചിട്ടില്ലാതിരുന്ന അയാൾ തലയടിച്ചാണ് റോഡിൽ വീണത്. പെട്ടെന്ന് ആളുകൾ ഓടിക്കൂടി. അതുവഴി പോയിരുന്ന കാർ നിർത്തിച്ചിട്ട് അവർ പരുക്കേറ്റയാളെ ആശുപത്രിയിൽ കൊണ്ടുപോകാനായി പിൻസീറ്റിലേക്കു കയറ്റി. അയാളെ താങ്ങിപ്പിടിച്ചുകൊണ്ട് പരുക്കേറ്റയാളോടൊപ്പം തലനരച്ച ഒരു വൃദ്ധനും പുറകിലത്തെ സീറ്റിലേക്കു കയറി. അതുകണ്ട് അടുത്തുനിന്ന ഒരു കോളേജുകുമാരൻ അല്പം പരുഷമായിത്തന്നെ വൃദ്ധനോടു പറഞ്ഞു: "നിങ്ങൾ കാറിൽ നിന്ന് ഒന്നിറങ്ങണം മിസ്റ്റർ. ഞാൻ ഇയാളോടുകൂടെ ആശുപത്രിയിലേക്കു പോകാം... ഞാൻ സ്കൂളിൽ സ്കൗട്ടിലൊക്കെ ഉണ്ടായിരുന്ന ആളാണ്. അപകടത്തിൽപ്പെടുന്നവർക്കു കൊടുക്കേണ്ട പ്രഥമ ശുശ്രൂഷയൊക്കെ എനിക്കറിയാം... നിങ്ങൾ ഇയാളുടെകൂടെ പോയിട്ട് എന്തുഗുണം?''. കണ്ടുനിന്നവർക്കും അതുതന്നെ തോന്നി. അപകടത്തിൽപെട്ടവനെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനിടയ്ക്ക് ഈ കിളവനെന്തിനാണ് വണ്ടിയിൽ വലിഞ്ഞു കയറിയത്?

തലനരച്ച മനുഷ്യൻ വാൽസല്യത്തോടെ ആ വിദ്യാർഥിയെ നോക്കി, എന്നിട്ടു പറഞ്ഞു: 'കൊള്ളാം മേനെ, ഞാൻ നിന്നെ അഭിനന്ദിക്കുന്നു. സ്കൗട്ടിൽ ചേരുന്നതും അപകടത്തിൽപ്പെടുന്നവരെ ശുശ്രൂഷിക്കുന്നതുമൊക്കെ നല്ല കാര്യം. എന്നാൽ, ഇപ്പോൾ ഇദ്ദേഹത്തോടൊപ്പം ആശുപത്രിയിലേക്ക് ഞാൻ പോകുന്നതാവും കുറെക്കൂടെ ഉത്തമം. കാരണം, പ്രൊഫഷണലി ഞാനൊരു ന്യൂറോസർജനാണ്'.

ന്യൂറോസർജന്റെ മുമ്പിൽ ആളുകളിച്ച സ്കൗട്ടുകാരൻ പയ്യനെപ്പോലെയാണ് പലപ്പോഴും നാം. സാരമില്ല, മനുഷ്യരുടെ മുമ്പിൽ ചിലപ്പോഴൊക്കെ നമുക്ക് അബദ്ധങ്ങൾ പറ്റാം. അവരുടെ മഹത്വം എല്ലായ്പ്പോഴും തിരിച്ചറിയണമെന്നില്ല. വേഷംമാറിവന്ന ഒരു രാജാവ് ഒരു ഭിക്ഷക്കാരനോടു സൗഹൃദംകാട്ടി അയാളോടൊപ്പം പലനാളുകൾ കഴിഞ്ഞിട്ടും ആ ഭിക്ഷക്കാരന്, കൂട്ടുകാരൻ യഥാർഥത്തിൽ രാജാവാണെന്നു തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നൊരു കഥയുണ്ട്. സത്യമറിയാഞ്ഞതുകൊണ്ട് ഭിക്ഷക്കാരൻ കൂട്ടുകാരന് എന്നും ഭിക്ഷപ്പാത്രത്തിൽ ഭക്ഷണമുണ്ടാക്കി പങ്കുവയ്ക്കുകയും രാജാവ് അത് ആർത്തിയോടെ ഭക്ഷിക്കുന്നതു കണ്ടിട്ട് ഭിക്ഷക്കാരൻ തനിക്ക് 'ഔദാര്യം' കാണിക്കാൻ

കഴിഞ്ഞതിൽ സംതൃപ്തി പൂകുകയും ചെയ്തു.

യോഹന്നാനും ഏതാണ്ട് ഇതുപോലൊരു അവസ്ഥയിലാണ്. പത്മൊസ്ദ്വീപിന്റെ ഏകാന്തതയിൽ കർത്തൃദിവസത്തിൽ കർത്താവ് തന്റെ മുൻപിൽ വന്നുനിൽക്കുന്നു (വെളിപ്പാട്1:10). ആത്മവിവശതയിലായിരുന്നിട്ടുപോലും (in the spirit) താൻ ഭയപരവശനായിപ്പോയി... 'യേശുവിനെ കണ്ടിട്ട് താൻ മരിച്ചവനെപ്പോലെ തന്റെ കാൽക്കൽ വീണു' (വെളിപ്പാട് 1:17) എന്നു യോഹന്നാൻ എഴുതുന്നു.

യേശുവിനെ യോഹന്നാൻ ആദ്യം കാണുകയല്ല... ഗലീലക്കടൽത്തീരത്ത് മീൻപിടിക്കുമ്പോൾ 'എന്നെ അനുഗമിക്കുക' എന്ന വാക്കു കേട്ട് (മത്തായി 4:21, 22) അവനെ അനുഗമിച്ചപ്പോൾ മുതലുള്ള അനുഭവങ്ങൾ യോഹന്നാന്റെ മനസ്സിലൂടെ മിന്നിമറഞ്ഞു. പത്രൊസിന്റെ ശൂന്യമായ പടക് യേശു നിറയ്ക്കുമ്പോൾ, ശൂന്യമായ പടകുമായി കരയ്ക്ക് അരികുപറ്റിക്കിടന്ന (ലൂക്കൊസ് 5:2) തങ്ങളുടെ പടകിനെ മുങ്ങുമാറാകുവോളം മത്സ്യംകൊണ്ടു നിറച്ച (ലൂക്കൊസ് 5:7) യേശുതന്നെയല്ലെ ഇത്? കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ യേശുവിനെക്കണ്ട് യോഹന്നാൻ ഇടറിവീണില്ല. അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിച്ചപ്പോഴും അത്ഭുതം ആഘോഷമാക്കാനെ തനിക്കു തോന്നിയുള്ളൂ. ആ യേശുതന്നെയല്ലെ ഇത്? ഉപമകളുടെ പൊരുൾ തിരിച്ചുതന്ന യേശു, കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കിയ യേശു, ലാസറിന്റെ കല്ലറയ്ക്കൽ കണ്ണുനീർ വാർത്ത യേശു... ആ യേശുതന്നെയല്ലെ ഇത്? ഓരോ അത്ഭുതത്തിന്റെ സമയത്തും അവന്റെ അടുത്തു ഓടിച്ചെന്ന് കെട്ടിപ്പിടിക്കാനും 'ആ യേശു എന്റെ സ്വന്തം' എന്നു മറ്റുള്ളവരോടു പറയാനും അവൻ കൊതിച്ചിരുന്നു. അതുതന്നെ അവൻ ചെയ്തു. അന്ത്യഅത്താഴസമയത്ത് യേശുവിന്റെ മാറോടു ചാരിയിരിക്കുമ്പോൾ താൻ മധുരമായി സംസാരിച്ചത് യോഹന്നാൻ ഓർത്തു. ആ യേശു തന്നെയല്ലെ ഇത്?

ഗതസമനയിൽ വലിയ ചോരത്തുള്ളി പോലെ വിയർത്ത യേശു 'എന്റെ ഉള്ളം മരണവേദന പോലെ അതിദു:ഖിതമായിരിക്കുന്നു' എന്നു ശിഷ്യന്മാരോടു പറഞ്ഞ യേശു... ഹെരോദാവിന്റെയും പീലാത്തോസിന്റെയും മാറിമാറിയുള്ള വിചാരണകളിൽ മൗനം ഭൂഷണമാക്കിയ യേശു... ചാട്ടവാറടിയേറ്റു പുളഞ്ഞ യേശു... ഭാരമുള്ള മരക്കുരിശു ചുമന്നു നടക്കാനാവാതെ വീണു മെഴുന്നേറ്റും യെരൂശലേമിന്റെ തെരുവീഥിയിലൂടെ നടന്ന യേശു... ക്രൂശിൽ കിടന്ന് ഉച്ചത്തിൽ 'എന്റെ ദൈവമേ, എന്റെ ദൈവമേ... നീ എന്നെ കൈവിട്ടതെന്ത്?' എന്നു നിലവിളിച്ചയേശു... ആ യേശു തന്നെയല്ലെ ഇത്?

അടച്ചിട്ട മുറി തുറക്കാതെ അകത്തുകടന്ന് മുറിവേറ്റ കൈകളും വിലാപ്പുറവും കാട്ടി 'നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞ (യോഹന്നാൻ 20:19,20) ആ യേശു തന്നെയല്ലെ ഇത്? തോമസിനോട് 'വിരൽ നീട്ടി ആണിപ്പാടുകളെ സ്പർശിക്കുക, കൈനീട്ടി വിലാപ്പുറത്തെ മുറിവുകളിൽ ഇടുക' (യോഹന്നാൻ 20:27) 'ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ'(ലൂക്കൊസ് 24:39) എന്നു പറഞ്ഞ യേശു. തങ്ങളുടെ കൂടെയിരുന്ന് പ്രാതൽ കഴിച്ച (യോഹന്നാൻ 21:13-15) യേശു... ആ യേശു തന്നെയല്ലേ ഇത്? അതെ, ആ യേശു തന്നെ. എന്നാലത് ശരീരത്തിൽ വെളിപ്പെട്ട യേശുവായിരുന്നു. അതുകൊണ്ടാണ് അവനെ യോഹന്നാന് കാണാനും കേൾക്കാനും തൊടാനുമൊക്കെ (1 യോഹന്നാൻ 1:1) കഴിഞ്ഞത്. അന്നും തന്നിൽ തേജസ്സുണ്ടായിരുന്നു (യോഹന്നാൻ 1:14). എന്നാൽ ദൈവത്തോടു സമനായ, ദൈവമായ യേശു തന്റെ മഹിമയെ ഉരിഞ്ഞുവെച്ചിട്ടാണ് മനുഷ്യന്റെ സാദൃശ്യവും വേഷവും എടുത്തത് (ഫിലിപ്പിയർ 2:7,8). അത് മറ്റൊന്നുംകൊണ്ടല്ല... താൻ തന്റെ മഹിമയുടെ പൂർണ്ണതയെ നമുക്കു വെളിപ്പെടുത്തിയിരുന്നുവെങ്കിൽ ആർക്കും തന്റെ മുൻപിൽ നിൽക്കാൻ കഴിയുമായിരുന്നില്ല.

ശരീരത്തിൽ വന്ന യേശുവിനെ കണ്ടു പരിശീലിച്ച യേഹന്നാന്റെ കണ്ണുകൾക്കു മുൻപിൽ ഇപ്പോൾ യേശു മഹിമ ധരിച്ചെത്തിയിരിക്കുന്നു... ഇതാണ് യേശു.

എന്നാൽ യോഹന്നാൻ കണ്ടതിലുമപ്പുറമാണ് യേശുവിന്റെ മഹിമ എന്നുതന്നെ ഞാൻ ചിന്തിക്കുന്നു. അതുമുഴുവൻ താൻ മനുഷ്യനായ യോഹന്നാനു വെളിപ്പെടുത്തിയിട്ടുണ്ടാവില്ല. കാരണം, ഇത്ര കണ്ടപ്പോഴേ യോഹന്നാൻ മരിച്ചവനെപ്പോലെയായി. ഇതിലപ്പുറമായിരുന്നെങ്കിൽ ഒരുപക്ഷെ അവൻ മരിച്ചുപോയേനെ... 'ഒരു മനുഷ്യനും എന്നെ (എന്റെ തേജസ്സ്) കണ്ട്

ശേഷം പേജ് 28 ▶



# ഒരുക്കപ്പെട്ട നിത്യനഗരം

എബ്രായർ11: 12 മുതൽ 16 വരെ

ചെയ്സ് ജോസഫ്

എബ്രായർ 11:12 വായിക്കുമ്പോൾ മൃതപ്രായനായ അബ്രഹാം വിശ്വാസത്തിൽ നിലനിൽക്കുന്നതാണ് കാണുന്നത്. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ എണ്ണിക്കൂടാത്ത മണൽത്തരികൾ പോലെയും സന്തതികൾ ജനിക്കുന്നത് വിശ്വാസത്താൽ മാത്രമേ അബ്രഹാമിന് കാണാൻ കഴിയൂ. മരിച്ച് എത്രയോ വർഷങ്ങൾക്ക് ശേഷമാണ് യേശുക്രിസ്തുവിലൂടെ അനേകജാതികൾക്ക് അബ്രഹാം പിതാവാകുന്നത്. ജീവന്റെ അവസാനനിമിഷങ്ങളിലും വാഗ്ദത്തങ്ങൾ നിറവേറിയതായി അബ്രഹാം കാണുന്നില്ല. എന്നാൽ ഒരിക്കൽ അത് നിറവേറും എന്ന് അബ്രഹാമിന് അറിയാമായിരുന്നു. യേശുക്രിസ്തു എന്ന ഏകസന്തതിയിലൂടെ എണ്ണിക്കൂടാത്ത മക്കൾക്ക് താൻ വിശ്വാസത്താൽ പിതാവായി വരും എന്നുള്ള ദൈവീകവാഗ്ദത്തം ചോദ്യം ചെയ്യാതെ, സംശയിക്കാതെ അബ്രഹാം വിശ്വസിച്ചു. അപ്പോസ്തലൻ ഇവിടെ പറയുന്നത്, ഒന്നും കാണാതെ ഒന്നും അനുഭവിക്കാതെ, ദൈവീകവാഗ്ദത്തങ്ങൾക്കായി ആശയ്ക്ക് എതിരായി ആശയോടെ കാത്തിരിക്കുന്നതിനെക്കുറിച്ചാണ്. അവരെപ്പോലെ നാമും ഈ ലോകത്ത് തീർന്നുപോകുന്ന എന്തിനെയെങ്കിലും അല്ല നോക്കിക്കൊണ്ടിരിക്കുന്നത്. ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ച നിത്യരാജ്യത്തിന്റെ തേജസ് ആണ് നാം കാത്തിരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നമ്മുടെ വിശ്വാസം അബ്രഹാമിന്റെ വിശ്വാസം പോലെയാണ്. ഒരർത്ഥത്തിൽ പറഞ്ഞാൽ ഈ വിശ്വാസം ഒരത്ഭുതം തന്നെയാണ്. താൻ ഉടനെ മരിച്ചു പോകുമെന്ന് അബ്രഹാമിന് അറിയാം. വാഗ്ദത്തങ്ങളൊന്നും തന്റെ ജീവകാലത്ത് നടക്കുകയില്ലെന്നും അറിയാം. നിത്യജീവൻ എന്ന ദൈവികദാനത്തെക്കുറിച്ച് കാര്യമായ അറിവും അബ്രഹാമിന് ഇല്ല. ഇന്നു നമുക്ക് വ്യക്തമായി വാഗ്ദത്തങ്ങളെക്കുറിച്ച് അറിയാം. അതു നാം അനുഭവിക്കും എന്നും അറിയാം. ഇതൊന്നും വ്യക്തമല്ലെങ്കിലും ദൈവം പറഞ്ഞത് വിശ്വസിക്കുന്നത് മാത്രമല്ല, ആ വിശ്വാസം അനുസരണത്തിലേക്ക് വളരുന്നതും നാം അബ്രഹാമിന്റെ ജീവിതത്തിൽ കാണുന്നു.

എബ്രായർ 11: 13 ൽ പഴയനിയമത്തിലെ വിശുദ്ധന്മാരുടെ ജീവിതത്തെ നാം എങ്ങനെ പഠിക്കണം എന്ന് വ്യക്തമാക്കുന്നു. നാം പലപ്പോഴും ചിന്തിക്കുന്നത് പഴയനിയമ വിശുദ്ധന്മാർ എല്ലാം ഭൗതികമായി വളരെയധികം അനുഗ്രഹിക്കപ്പെട്ടിരുന്നു എന്നാണ്. അങ്ങനെയുള്ള അനേകം വാഗ്ദത്തങ്ങളും നമുക്ക് പഴയനിയമ പുസ്തകങ്ങളിൽ കാണാം. ഇന്ന് നമുക്ക് ചുറ്റും പ്രചരിച്ചിരിക്കുന്ന അഭിവൃദ്ധിയുടെ സുവിശേഷം ഉരുവായത് ഇങ്ങനെ ഉള്ള വാക്യങ്ങളിൽ നിന്നാണ്. എന്നാൽ ആരാണ് പഴയനിയമ കാലഘട്ടത്തിൽ അഭിവൃദ്ധി പ്രാപിച്ചത്? ഈ അധ്യായത്തിൽ പേര് പറഞ്ഞിരിക്കുന്ന ബഹുഭൂരിപക്ഷം വിശുദ്ധരും ലോകസംബന്ധമായ അനുഗ്രഹങ്ങൾ പ്രാപിച്ചവരല്ല. ദൈവത്തിനു പ്രസാദമുള്ള യാഗം കഴിച്ച ഹാബേൽ അതിനുശേഷം ഒരു ദിവസം പോലും

ജീവിച്ചില്ല. അബ്രഹാം കൂടാരങ്ങളിൽ പാർത്തു. താൻ ഈ ലോകത്തിൽ പരദേശിയെന്ന് സ്വയം എണ്ണി. വലിയൊരു ജനസമൂഹത്തെ മിസ്രയീമിന്റെ അടിമത്തത്തിൽ നിന്ന് പുറപ്പെടുവിച്ച മോശെ വാഗ്ദത്തദേശം ദൂരെ നിന്ന് കണ്ടതേയുള്ളൂ. ഇന്ന് നാം കാണുന്നതുപോലെയുള്ള ആർഭാടപൂർണമായ ഒരു ശവസംസ്കാരം മോശെയ്ക്ക് ലഭിച്ചില്ല. എല്ലാവരുടെയും കഥ ഇങ്ങനെ തന്നെയാണ്. പഴയനിയമ പ്രവാചകന്മാരെ നോക്കൂ. അനേകരും രക്തസാക്ഷികളാവുകയല്ലായിരുന്നുവോ? എന്താണ് നാം ഇതിൽ നിന്നും മനസ്സിലാക്കുന്നത്? തന്റെ വിശുദ്ധന്മാർക്ക് ദൈവം വച്ചിരുന്നത് ക്രിസ്തുവിൽ ഉള്ള വിലയേറിയ വാഗ്ദത്തങ്ങൾ ആയിരുന്നു. എന്നാൽ ക്രിസ്തുവിനു മുമ്പേ ജീവിച്ചവരായതുകൊണ്ട് അവർ അത് നേരിട്ട് അനുഭവിച്ചില്ല. ദൂരത്തുനിന്ന് കണ്ടതേയുള്ളൂ. ആ വാഗ്ദത്തങ്ങളിൽ നിന്ന് അവർ ഒരു കാര്യം മനസ്സിലാക്കിയിരുന്നു. തങ്ങൾ എല്ലാവരും ഈ ഭൂമിയിൽ അന്യരും പരദേശികളും ആണ്. വാഗ്ദത്തങ്ങളിലുള്ള വിശ്വാസമാണ് മുമ്പോട്ടുള്ള ജീവിതത്തിന്റെ അടിസ്ഥാനം.

എബ്രായർ 11 ന്റെ 13 മുതൽ 16 വരെയുള്ള വചനങ്ങളിൽ ഇങ്ങനെ വിശ്വാസയാത്ര ചെയ്തവർക്ക് ഒരിക്കൽ പോലും ആ യാത്രയെക്കുറിച്ച് ദു:ഖിക്കേണ്ടി വന്നില്ല. കാരണം അവർ ഒരു പിതൃദേശം അന്വേഷിച്ചു പോയവരാണ്. പിതൃദേശം എന്ന വാക്കുതന്നെ ഒരു അവകാശത്തിന്റെ ഉറപ്പാണ്. മാതൃകാപ്രാർത്ഥനയിൽ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന് സംബോധന ചെയ്തു പ്രാർത്ഥിക്കുവാനാണല്ലോ യേശുകർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. ക്രിസ്തുവിൽ വീണ്ടുംജനിച്ചവർക്കെല്ലാം ഇങ്ങനെ ഒരു പിതൃദേശം ഉണ്ട്. ആ വാഗ്ദത്തത്തിന്റെ ഉറപ്പ് ഉള്ളിൽ ലഭിക്കാത്ത ഒരാൾ വിശ്വാസി അല്ല. അതുതന്നെയാണ് നാം ഈ അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ കണ്ടത്. മഹത്തായ ഒരു പിതൃദേശം എനിക്ക് ഉണ്ട് എന്ന് വിശ്വസിക്കുന്ന ഒരാൾക്കും ഈ ലോകത്തിലെ മലിനസമ്പത്തിന് പിന്നാലെ ഓടേണ്ട കാര്യമില്ല എന്ന് ഈ പൂർവ്വികന്മാർ നമുക്ക് കാണിച്ചു തരുന്നു. ഇങ്ങനെ ഒരു പിതൃദേശത്തെക്കുറിച്ചുള്ള അറിവ് അവർക്ക് ഉണ്ടായിരുന്നു എന്നുമാത്രമല്ല, അത് എത്ര മഹത്വമേറിയതും സ്വർഗ്ഗീയമായതും ആണെന്ന് അവർക്ക് വെളിപ്പെട്ടിരുന്നു. എബ്രായർ 11:16 ൽ വളരെ പ്രധാനപ്പെട്ട ഒരു ആത്മികസത്യം വ്യക്തമാക്കിയിരിക്കുന്നു. സ്വർഗ്ഗീയമായതിനെ അന്വേഷിച്ച് ലോകത്തിലുള്ളതിനെ ഉപേക്ഷിക്കുന്ന മക്കളെ സംബന്ധിച്ച് പറയുന്നത്: 'ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുന്നതിൽ ഒട്ടും ലജ്ജിച്ചില്ല' എന്നാണ്. അതിന്റെ അർത്ഥം ലോകത്തെ അന്വേഷിച്ച് നടന്നിട്ട് ദൈവമാണ് എന്റെ പിതാവ് എന്നുപറയുന്ന അനേകർ ഈ ലോകത്തുണ്ടെന്നാണ്. അവരുടെയൊന്നും ദൈവമെന്ന് പറയുന്നതിൽ ഒരിക്കലും ദൈവം അഭിമാനിക്കുന്നില്ല. ഇന്ന് ഭൗതികസമ്പത്തിനായി ദൈവത്തെ അനുഗമിക്കുന്നവരെ ഓർത്ത് ദൈവം ലജ്ജിക്കുന്നു എന്നല്ലേ ഇതിന്റെ അർത്ഥം?

ഇന്ന് നമ്മുടെ ചുറ്റും ദൈവത്തെ അപമാനിക്കുന്ന, ദൈവം നമുക്കായി ഒരുക്കി വെച്ചിരിക്കുന്ന നിത്യനഗരത്തെ നിസ്സാരമാക്കുന്ന, രക്ഷയുടെ സുവിശേഷത്തെ അവഗണിക്കുന്ന ഒരു വലിയ സിസ്റ്റം തന്നെ പ്രവർത്തിക്കുന്നു. ഒരുകാലത്ത് ദൈവം ഒരുക്കിവച്ചിരുന്ന നിത്യമായ തേജസ്സിനെക്കുറിച്ച് പ്രസംഗിച്ചിരുന്ന സഭകൾ, ഇന്ന് ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് വശപ്പെട്ട്, മനുഷ്യരെ പ്രസാദിപ്പിക്കുന്ന സന്ദേശങ്ങളിലേക്ക് മാറിയിരിക്കുന്നു. ദൈവത്തിന് ബഹുമാനം നൽകുന്നതിന് പകരം മനുഷ്യരെ ബഹുമാനിക്കുന്നു. മനുഷ്യരുടെ മോഹങ്ങൾക്ക് അനുയോജ്യമായി പ്രസംഗിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തിന്റെ നാമത്തിന് മഹത്വം കൊടുക്കാത്ത സംഘങ്ങളായി വലിയൊരു കൂട്ടം സഭകളും മാറിയിരിക്കുന്നു. ഒരിക്കൽ ഈ സഭകളിൽ പെട്ടുപോയി എന്നതിനാൽ അങ്ങനെ പോകട്ടെ എന്ന് വിചാരിച്ച് ഉള്ളിൽ വെളിച്ചമുള്ള ജനങ്ങളും അതിൽത്തന്നെ തുടരുന്നു. പഴയനിയമത്തിലുള്ള നിഴലായ പല വാക്യങ്ങൾ ഉപയോഗിച്ചാണ് ഈ ദുഷ്ടവ്യവസ്ഥയ്ക്ക് മനുഷ്യർ ന്യായങ്ങൾ കണ്ടെത്തുന്നത്. എന്നാൽ എത്ര വലിയ അപകടമാണ് മറഞ്ഞു കിടക്കുന്നത് എന്ന് എബ്രായലേഖനത്തിലെ ഈ വാക്യങ്ങൾ കാണിച്ചുതരുന്നു.

ദൈവം നമുക്കായി നിത്യനഗരം ഒരുക്കിയിട്ടുണ്ട്. അതിനായി കാത്തിരിക്കുന്നവർ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ലൗകികമായ പ്രലോഭനങ്ങളിലൂടെ വിശ്വാസത്തെ ദുരുപയോഗം ചെയ്യുന്നവർ ദൈവത്തെ അപമാനിക്കുന്നു. ഇത് വേഗത്തിൽ മനസ്സിലാക്കാവുന്ന ഒരു കാര്യമാണ് •



ചാൾസ് സ്പർജൻ

# സ്നേഹത്തിന്റെ വടിയും വിശുദ്ധിയുടെ വഴിയും

മനുഷ്യജീവിതത്തിൽ കഷ്ടതകൾ ഒഴിവാക്കാനാവാത്തവയാണ്. സമ്പത്തുള്ളവനും ദരിദ്രനും, ജ്ഞാനിയും സാധാരണക്കാരനും വിശ്വാസിയും അവിശ്വാസിയും എല്ലാവരും ഒരിക്കലെങ്കിലും കണ്ണുനീരിന്റെ വഴികളിലൂടെ കടന്നുപോകേണ്ടിവരും. എന്നാൽ ഒരു ക്രിസ്ത്യാനിയുടെ കഷ്ടതയും ലോകമനുഷ്യന്റെ കഷ്ടതയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ലോകമനുഷ്യന്റെ കഷ്ടത അവനെ നിരാശയിലേക്കും ശൂന്യതയിലേക്കും നയിക്കുമ്പോൾ, ദൈവപൈതലിന്റെ കഷ്ടത ശുദ്ധീകരണത്തിലേക്കും ആത്മീയ വളർച്ചയിലേക്കും നയിക്കുന്നു.

ദൈവത്തിന്റെ ശിക്ഷണം എന്ന വിഷയം പലർക്കും തെറ്റിദ്ധാരണ ഉണ്ടാക്കുന്ന ഒന്നാണ്. ചിലർ ജീവിതത്തിലെ എല്ലാ വേദനകളും ദൈവകോപം എന്നു കരുതുന്നു. ചിലർ ദൈവം തങ്ങളെ ഉപേക്ഷിച്ചുവെന്നു വിചാരിക്കുന്നു. എന്നാൽ തിരുവെഴുത്ത് പഠിപ്പിക്കുന്നത്, ദൈവമക്കൾ അവരുടെ പാപങ്ങൾക്ക് വേണ്ടി വീണ്ടും ശിക്ഷിക്കപ്പെടുന്നില്ല എന്നാണ്. കാരണം അവരുടെ പാപങ്ങളുടെ മുഴുവൻ ശിക്ഷയും യേശുക്രിസ്തു കാൽവറിക്കുരിശിൽ ഏറ്റെടുത്തു കഴിഞ്ഞു. ക്രിസ്തു നമ്മുടെ പകരക്കാരനായി നിന്നു. നമ്മുടെ അകൃത്യങ്ങൾ അവന്റെ മേൽ ചുമത്തപ്പെട്ടു. ദൈവനീതിയുടെ വാൾ ക്രിസ്തുവിന്റെ മേൽ വീണു. അതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നവനെ ഇനി കുറ്റവാളിയായി ദൈവസന്നിധിയിൽ നിർത്താൻ സാധിക്കില്ല. അവൻ ദൈവകുടുംബത്തിലെ ഒരു മകനാണ്. മകനായതിനാൽ തന്നെയാണ് ദൈവം അവനെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്നത്.

**ശിക്ഷയും ശിക്ഷണവും തമ്മിലുള്ള വ്യത്യാസം**

ഒരു കുറ്റവാളിക്ക് ലഭിക്കുന്നത് ശിക്ഷയാണ്. ഒരു മകനു ലഭിക്കുന്നത് ശിക്ഷണമാണ്. ശിക്ഷയുടെ അടിസ്ഥാനം കോപമാണ്. ശിക്ഷണത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. ശിക്ഷ പ്രതികാരത്തിനുവേണ്ടിയാണ്. ശിക്ഷണം രൂപാന്തരത്തിനുവേണ്ടിയാണ്. ഒരു പിതാവ് തന്റെ മകനെ തെറ്റിൽ നിന്ന് തിരുത്താൻ വടി ഉപയോഗിക്കുന്നതുപോലെ ദൈവവും തന്റെ മക്കളെ വിശുദ്ധീകരിക്കുവാൻ പരിശോധനകൾ അനുവദിക്കുന്നു. സ്വർണ്ണപ്പണിക്കാരൻ സ്വർണ്ണം തീയിൽ ഇടുന്നത് അത് നശിപ്പിക്കാനല്ല, സ്വർണ്ണത്തിന്റെ മലിനത നീക്കാനാണ്. അതുപോലെ ദൈവം തന്റെ മക്കളെ പരീക്ഷണത്തിന്റെ തീയിലൂടെ കടത്തിവിടുമ്പോൾ അവരുടെ വിശ്വാസം ശുദ്ധീകരിക്കപ്പെടുകയാണ്. ദൈവം എന്റെ പാപങ്ങൾക്ക് പ്രതികാരം ചെയ്യുകയാണ് എന്ന് വീണ്ടും ജനിച്ച ഒരു വിശ്വാസിയും ഒരിക്കലും പറയരുത്. ക്രിസ്തുവിൽ നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ ഇതിനകം പൂർത്തിയായി. ഇപ്പോൾ സംഭവിക്കുന്നത് പിതാവി

ന്റെ തിരുത്തലാണ്. അത് സ്നേഹത്തിന്റെ കൈകൊണ്ട് നല്കപ്പെടുന്ന ശിക്ഷണമാണ്.

**ശിക്ഷണത്തെ നിരസിക്കുന്ന മനുഷ്യർ**

എന്നാൽ മനുഷ്യഹൃദയം സ്വാഭാവികമായി ശിക്ഷണത്തെ ഇഷ്ടപ്പെടുന്നില്ല. കഷ്ടത വരുമ്പോൾ ആദ്യം ഉയരുന്നത് പിറുപിറുപ്പാണ്. എന്തുകൊണ്ട് എനിക്ക് മാത്രം എന്ന ചോദ്യം മനസ്സിൽ ഉയരും. മറ്റുള്ളവരുടെ ജീവിതം സമാധാനപൂർണ്ണമാണെന്നും സ്വന്തജീവിതം ഏറ്റവും ദുഖകരമാണെന്നും വിലയിരുത്തുന്നു. ചെറിയ രോഗം വന്നാലും ചിലർ, ലോകം മുഴുവൻ തങ്ങൾക്ക് എതിരാണെന്ന് കരുതുന്നു. സാമ്പത്തിക നഷ്ടം വന്നാൽ ദൈവം എന്നെ മറന്നു എന്നു പറയുന്നു. മരണം വഴിയായി പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടാൽ എന്തുകൊണ്ട് ദൈവം ഇങ്ങനെ ചെയ്തു എന്ന് ചോദിക്കുന്നു. ഈ മനോഭാവമാണ് ദൈവത്തിന്റെ ശിക്ഷണത്തെ നിരസിക്കുന്നതിന്റെ ആരംഭം. യോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, കഷ്ടതയിലും ദൈവത്തെ സ്തുതിക്കാമെന്നതാണ്. 'കർത്താവ് തന്നു, കർത്താവ് എടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെടട്ടെ' എന്ന ഇയ്യോബിന്റെ വാക്കുകൾ പരിശോധനകളിൽ വിശ്വാസിയുടെ മാതൃകയാണ്. ദൈവത്തിന്റെ വഴികൾ പലപ്പോഴും മനുഷ്യബുദ്ധിക്ക് അതീതമാണ്. നാം ഇപ്പോഴത്തെ വേദനയെ മാത്രം കാണുന്നു; ദൈവമോ നമ്മുടെ നിത്യതയെ കണ്ടുകൊണ്ട് നമ്മോടു ഇടപെടുന്നു. നമുക്ക് വേദനയായി തോന്നുന്ന സംഭവങ്ങളിൽപ്പോലും നന്മ ഒളിഞ്ഞിരിക്കുന്നു. കഷ്ടതകൾ എന്തുകൊണ്ടനുവദിക്കുന്നു? സകലവും നന്മയ്കാക്കി വ്യാപരിക്കുന്ന ദൈവിക പ്രവൃത്തിയാണത്. ദൈവം തന്റെ മക്കളെ ശിക്ഷിക്കുന്നതിന്റെ പിന്നിൽ പല ഉദ്ദേശ്യങ്ങളുമുണ്ട്.

**1. നിഗളത്തെ തകർക്കാൻ:**

മനുഷ്യഹൃദയത്തിൽ സ്വാഭാവികമായി അഹന്തയയുടെ സ്വാധീനമുണ്ട്. സമ്പത്ത്, ആരോഗ്യം, വിജയം, അംഗീകാരം ഇവയൊക്കെ മനുഷ്യനെ സ്വയാശ്രയക്കാരനാക്കും. എന്നാൽ കഷ്ടത മനുഷ്യനെ നിസ്സഹായതയിൽ ദൈവത്തിന്റെ മുമ്പിൽ താഴ്ത്തുന്നു. പൗലോസിന്റെ ശരീരത്തിൽ ഒരു മുള്ള് അനുവദിക്കപ്പെട്ടത് അവൻ നിഗളിച്ചു പോകാതെ സൂക്ഷിക്കപ്പെടേണ്ടതിനായിരുന്നു. അതുപോലെ ചില പരിശോധനകൾ നമ്മുടെ ആത്മാവിനെ വിനയത്തിലേക്കു നയിക്കുന്നു.

**2. ശുദ്ധീകരിക്കാൻ:**

പരീക്ഷിക്കപ്പെടാത്ത വിശ്വാസം ശക്തമല്ല. തീയിൽ ഊതിക്കഴിച്ച് സ്വർണം കൂടുതൽ വിലപ്പെട്ടതാകുന്നതുപോലെ, പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന വിശ്വാസം കൂടുതൽ ദൃഢമാകുന്നു. ശാന്തമായ ദിവസങ്ങളിൽ ദൈവത്തിൽ ആശ്രയിക്കാതെ ജീവിക്കാൻ മനുഷ്യന് എളുപ്പമാണ്. എന്നാൽ കണ്ണുനീരിന്റെ രാത്രികളിലാണ് യഥാർത്ഥ പ്രാർത്ഥന ജനിക്കുന്നത്. തകർന്ന ഹൃദയത്തിൽ നിന്നാണ് ഏറ്റവും ആഴമുള്ള ആരാധന ഉയരുന്നത്.

**3.ലോകത്തോടനുരൂപപ്പെടാതിരിക്കുവാൻ**

ഈ ലോകം ശാശ്വതമാണെന്ന തോന്നലിൽ മനുഷ്യൻ ജീവിക്കുന്നു. എന്നാൽ തുടരെത്തുടരെയുള്ള കഷ്ടതകൾ ഇഹലോകജീവിതം താൽക്കാലികമാണെന്ന് ചിന്ത നമ്മിലുളവാക്കുന്നു. നാം സ്വർഗ്ഗീയ കാര്യങ്ങളെ പിടിച്ചുപറ്റേണ്ടതിനായി ദൈവം ചിലപ്പോൾ നമ്മുടെ കൈകളിൽ നിന്നു ഭൗതിക സുരക്ഷകൾ എടുത്തുമാറ്റുന്നു.

**ശിക്ഷണത്തിൽ തളരരുത്**

ദൈവത്തിന്റെ ശിക്ഷണത്തെ നിരസിക്കുന്നതുപോലെ തന്നെ അപകടകരമാണ് അതിന്റെ അനുഭവത്തിൽ തളർന്നുപോകുന്നതും. ചിലർ, പരീക്ഷകൾ വന്നാൽ ആത്മീയജീവിതം ഉപേക്ഷിക്കുന്നു. പ്രാർത്ഥന മന്ദമാകുന്നു. സഭയിൽ നിന്നു മാറിനിൽക്കുന്നു. ദൈവം എന്നെ കേൾക്കുന്നില്ല എന്ന നിരാശ അവരെ പിടികൂടുന്നു. എന്നാൽ തിരുവെഴുത്ത് വ്യക്തമായി പറയുന്നു: കർത്താവ് സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. അതിനാൽ ശിക്ഷണം ദൈവത്തിന്റെ ഉപേക്ഷണമല്ല, മറിച്ച് പിതൃസ്നേഹത്തിന്റെ തെളിവാണ്. ഒരു നല്ല കർഷകൻ ഫലം കായ്ക്കുന്ന കൊമ്പുകളെയാണ് വെട്ടിത്തെളിക്കുന്നത്. ഫലം ഇല്ലാത്ത കൊമ്പിനെ അവൻ അങ്ങനെ ചെയ്യാറില്ല. അതുപോലെ ആത്മീയഫലം ഉണ്ടാകേണ്ടവരെയാണ് ദൈവം കൂടുതൽ ശുദ്ധീകരിക്കുന്നത്.

ദൈവപുത്രനായ യേശുക്രിസ്തു താൻ തന്നെ കഷ്ടതയുടെ വഴിയിലൂടെ നടന്നു. അവിടുന്ന് പാപമില്ലാത്തവനായിരുന്നു, എങ്കിലും യേശു നിന്ദയും നിരസനവും വേദനയും ക്രൂശും സഹിച്ചു. നമ്മുടെ സമാധാനത്തിന്റെ ശിക്ഷ അവന്റെമേൽ വന്നു എന്ന് വചനം പറയുന്നു. ക്രിസ്തുവിന്റെ കഷ്ടത നമ്മെ പഠിപ്പിക്കുന്നത്, കഷ്ടത ദൈവകോപത്തിന്റെ അടയാളമല്ലെന്നാണ്. അതാണ് മഹത്വത്തിലേക്കുള്ള

ജീവിതത്തിലെ ഓരോ കഷ്ടതകളും വിശ്വാസിക്ക് ആത്മീയ പാഠശാലയാണ്. ചിലപ്പോൾ ദൈവം നമ്മെ കണ്ണുനീരിലൂടെ പഠിപ്പിക്കുന്നു. ചിലപ്പോൾ നഷ്ടങ്ങളിലൂടെ നമ്മെ വിശുദ്ധരാക്കുന്നു. ചിലപ്പോൾ മൗനത്തിലൂടെ നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ശിക്ഷണത്തെ നിരസിക്കരുത്. അതിൽ തളരുകയും അരുത്. കാരണം വേദനയുടെ അപ്പുറത്ത് ദൈവത്തിന്റെ സ്നേഹമുണ്ട്. ശിക്ഷണത്തിന്റെ അപ്പുറത്ത് വിശുദ്ധിയുണ്ട്. കണ്ണുനീരിന്റെ അപ്പുറത്ത് മഹത്വമുണ്ട്. ദൈവത്തിന്റെ വടി ഒരിക്കലും തന്റെ മക്കളെ നശിപ്പിക്കാൻ അല്ല; അവരെ നിത്യജീവിതത്തിനായി ഒരുക്കാനാണ്. •

# ശാസനയിൽ രൂപപ്പെടുന്ന വ്യക്തിത്വം

ഒരു ശില്പി കരിങ്കല്ലിനെ തന്റെ കൊത്തുളി കൊണ്ട് കൊത്തിയൊരുക്കുമ്പോൾ കല്ല് ഓരോ പ്രഹരവും നിശ്ശബ്ദമായി സഹിക്കുന്നു. ആ പ്രഹരങ്ങൾ കല്ലിനെ നശിപ്പിക്കാനല്ല പ്രത്യുത, അതിനുള്ളിൽ മറഞ്ഞിരിക്കുന്ന ശില്പത്തെ പുറത്തുകൊണ്ടുവരാനാണ്. ജീവിതവും അങ്ങനെതന്നെയാണ്. ദൈവം തന്റെ സ്വഭാവത്തോടനുരൂപപ്പെടുത്തുവാനായി ചെത്തിയും ഉരുമ്മിയും അടർത്തിയും നമ്മെ ഒരുക്കുമ്പോൾ, ശാസനയുടെയും ശിക്ഷണത്തിന്റെയും അനുഭവത്തിലൂടെ നടത്തുകയാണ്. ദൈവികശിക്ഷണങ്ങൾ നമ്മുടെ വ്യക്തിത്വത്തെ മനോഹരമാക്കുന്ന ദൈവിക ഉപകരണങ്ങളാണ്. നിയന്ത്രണങ്ങളില്ലാത്ത ജീവിതമാണ് യഥാർത്ഥ സന്തോഷമെന്ന മിഥ്യാധാരണ പലർക്കുമുണ്ട്. തെറ്റുകൾ അംഗീകരിക്കാനും മാറ്റത്തിനു വഴങ്ങാനും തയ്യാറാകുന്നവരാണ് എല്ലാ മേഖലകളിലും ഉയരങ്ങളിലെത്തുന്നത്. ഒരു നല്ല പിതാവ് തന്റെ മകനെ കരുതും, പഠിപ്പിക്കും, ശാസിക്കും, ശിക്ഷിക്കും, അങ്ങനെ വഴിനടത്തും. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. ദൈവത്തിന്റെ ശാസന നമ്മോടുള്ള തന്റെ സ്നേഹത്തിന്റെ തെളിവാണ്. ക്ഷമ, വിനയം, ആത്മനിയന്ത്രണം, വിശ്വസ്തത, സഹിഷ്ണുത ഇവയൊന്നും എളുപ്പവഴികളിലൂടെ ലഭ്യമാകുന്ന ദിവ്യസ്വഭാവങ്ങളല്ല. ശാസനയുടെ തീയിൽ ശുദ്ധീകരിക്കപ്പെട്ട ആത്മാവിലാണ് അവ ഉളവാകുന്നത്. സ്വർണം തീയിൽ ശുദ്ധീകരിക്കപ്പെടുന്നതുപോലെ മനുഷ്യസ്വഭാവവും പ്രതിസന്ധികളിലൂടെ രൂപപ്പെടുന്നു. അതിനാൽ ശാസനയെ നിരസിക്കരുത്. അത് ദൈവത്തിന്റെ കൈകളിലെ ആയുധങ്ങളിലൊന്നാണ്. അത് നമ്മെ മുറിപ്പെടുത്തുന്നതുപോലെ തോന്നിയാലും യഥാർത്ഥത്തിൽ നമ്മെ മനോഹരമാക്കുകയാണ്. ശാസനയുടെ വേദനയ്ക്കപ്പുറം അനുഗ്രഹത്തിന്റെ അവസ്ഥയുണ്ട്. ശാസനയുടെ കാഠിന്യത്തിനു പിന്നിൽ മഹത്വത്തിന്റെ കിരീടമുണ്ട്. ശിക്ഷ, തൽക്കാലം സന്തോഷകരമല്ല ദു:ഖകരമെന്നാണ് തോന്നുക, എങ്കിലും അതിനാൽ അഭ്യസിപ്പിക്കപ്പെട്ടവർക്ക് നീതിയെന്ന സമാധാനഫലം ലഭിക്കുന്നു. ദൈവികശാസന ജീവിതത്തിന്റെ ശിൽപ്പശാലയാണ്. ദൈവം തന്റെ സ്നേഹത്തിൽ ശാസിച്ചും ശിക്ഷിച്ചും സാധാരണ മനുഷ്യരെ അസാധാരണ വ്യക്തിത്വങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നു. ശാസനയെ സ്വീകരിക്കുന്നവർ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ആത്മഫലമുള്ളവരായി, ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന വ്യക്തിത്വങ്ങളായി മാറുന്നു. •

ബെഞ്ചമിൻ വർഗീസ്

# എനിക്ക് ദാഹിക്കുന്നു...

തീർക്കാനുള്ള ഒരു ജോലി ചെയ്യുവാൻ, ബാക്കിയുള്ള ഏതുമുറിയിലേക്കും കയറിച്ചെല്ലുന്നതുപോലെ, യാതൊരു വികാരവുമില്ലാതെ വളരെ യാന്ത്രികമായാണ് അവൾ ആ മുറിയിലേക്ക് കടന്നുചെന്നത്. അവിടെ ഒപ്പിടാൻ ചില കടലാസുകളുണ്ടായിരുന്നു, ഉറപ്പാക്കേണ്ട ചില കാര്യങ്ങളുണ്ടായിരുന്നു; അതുകഴിഞ്ഞാൽ അവൾക്ക് മടങ്ങാം. യാത്രയിലുടനീളം അവൾ അവളോടുതന്നെ പറഞ്ഞുറപ്പിച്ചിരുന്നതും അതുമാത്രമായിരുന്നു.

ആ ആശുപത്രിമുറി തീരെ ചെറുതായിരുന്നു. പകുതി താഴ്ത്തിയിട്ട ജനാലവിരികൾക്കിടയിലൂടെ ഉച്ചതിരിഞ്ഞുള്ള വെയിൽ ഉള്ളിലേക്ക് ചരിഞ്ഞുവീഴുന്നുണ്ടായിരുന്നു . ഉറക്കത്തിനും ഉണർവിനുമിടയിലുള്ള ഏതോ അവ്യക്തമായ ലോകത്തെന്നപോലെ അവളുടെ അപ്പൻ ആ കിടക്കയിൽ കിടന്നു. അവളുടെ കുട്ടിക്കാലത്ത് വലിയൊരു പർവ്വതസമാനനായിരുന്ന ആ മനുഷ്യൻ, ഇപ്പോൾ ആ വെള്ളവിരിപ്പുകൾക്കുപോലും വലുപ്പം തോന്നത്തക്കവിധം തീർത്തും മെലിഞ്ഞിരുന്നു. വളരെ പണിപ്പെട്ടാണ് അദ്ദേഹം ശ്വാസമെടുത്തിരുന്നത്.

കിടക്കയ്ക്കരികിലെ മേശപ്പുറത്ത് ഒരു ബൈബിൾ തുറന്നുവെച്ചിട്ടുണ്ടായിരുന്നു. ഏത് പേജാണെന്ന് നോക്കാൻ അവൾ തുനിഞ്ഞില്ല. അതിനരികിലായി കുറെ ഡയറികൾ അടുക്കിവെച്ചിരുന്നു. നിരന്തരമുള്ള ഉപയോഗം കാരണം അവയുടെ പുറംചട്ടകൾ മൃദുവാകുകയും അരികുകൾ ദ്രവിക്കുകയും ചെയ്തിരുന്നു. പതിറ്റാണ്ടുകൾ പഴക്കമുള്ള ആ പുസ്തകങ്ങൾ, ഒരു ആശുപത്രിമുറിയിൽ അത്രയും ശ്രദ്ധയോടെ അടുക്കിവെച്ചിരിക്കുന്നത് അവളിൽ അതിശയമുളവാക്കി. അതിൽ ഒരു ഡയറി അദ്ദേഹത്തിന്റെ കൈകൾക്ക് തൊട്ടരികിലായിരുന്നു. അവൾ ആ ഡയറികളിലേക്കൊന്ന് നോക്കി, പിന്നെ പിതാവിന്റെ ശബ്ദം കേട്ട്, പെട്ടെന്ന് മുഖം തിരിച്ചു.

'വെള്ളം...' വരണ്ടുവിളറിയ ചുണ്ടുകൾക്കിടയിലൂടെ, ഒട്ടും വ്യക്തമല്ലാത്ത, പരുക്കൻശബ്ദത്തിൽ ആ വാക്ക് പുറത്തുവന്നു. മേശപ്പുറത്തുണ്ടായിരുന്ന ചെറിയ ഫോം സ്വാബ് (സ്പോഞ്ച്) എടുത്ത്, അടുത്തുള്ള കപ്പിലെ വെള്ളത്തിൽ മുക്കി അവൾ അദ്ദേഹത്തിന്റെ ചുണ്ടുകളോട് ചേർത്തുവെച്ചു, നിർവ്വികാരതയോടെ, യാന്ത്രികമായി. ഒരു ഡ്യൂട്ടി നഴ്സ്, വാർഡിലെ രോഗികളെ പരിചരിക്കുന്ന അതേ വൈദഗ്ധ്യത്തോടെ.

എന്നാൽ ആ നിമിഷം, ആ ചെറിയ സ്പർശനത്തിൽ തീരെ പ്രതീക്ഷിക്കാത്ത എന്തോ ഒന്ന് അവളുടെ ഓർമ്മകളുടെ ആഴങ്ങളിൽ നിന്നുയർന്നുവന്നു. അവളന്നു ചെറുപ്പമായിരുന്നു. നല്ല കടുത്ത പനി. രാത്രിയുടെ ഇരുട്ടിൽ ഞെട്ടിയുണരുമ്പോൾ, ഒരു ഗ്ലാസ്സ് വെള്ളവും ചെറിയൊരു സ്പൂണുമായി അപ്പൻ അവൾക്കരികിലുണ്ടായിരുന്നു. 'ഒരു ഇറക്കുകൂടി കുടിക്ക് മോളെ... ഒരൊറ്റ ഇറക്കുകൂടി' അന്നുരാത്രി അദ്ദേഹം ഒരു നിമിഷംപോലും കണ്ണടച്ചിരുന്നില്ല എന്ന് അവൾക്കപ്പോഴാണ് മനസ്സിലായത്. അന്ന് ആ സ്പൂൺ പിടിച്ചിരുന്ന അതേ കൈകളാണ് ഇപ്പോൾ ഈ കിടക്കവിരിയിൽ ഒട്ടും അനക്കമില്ലാതെ കിടക്കുന്നത്. അവൾ ചുണ്ടുകൾ ഇറുക്കി അടച്ചു, മുഖം തിരിച്ചു.

അദ്ദേഹം വീണ്ടും മയക്കത്തിലേക്ക് വീണു. അവിടെ തളംകെട്ടിയ നിശ്ശബ്ദതയിൽ ഇനി ഒപ്പിടാൻ ഒന്നുമില്ലാത്തതിനാലും, ഉടനെ അവിടെനിന്ന് പോകാൻ വ്യക്തമായ

കാരണമൊന്നും ഇല്ലാത്തതിനാലും അവളുടെ കണ്ണുകൾ വീണ്ടും ആ ഡയറികളിലേക്ക് പോയി. എന്തിനായിരിക്കും അദ്ദേഹമിത് ഇങ്ങോട്ട് കൊണ്ടുവന്നത്? എന്തിനെന്നറിയാതെ, അദ്ദേഹത്തിന്റെ കൈക്കരികിലുണ്ടായിരുന്ന ആ ഡയറി അവൾ കയ്യിലെടുത്തു. ഒരുപക്ഷേ ഏതെങ്കിലും ഫോൺ നമ്പറോ, ഡോക്ടറുടെ കുറിപ്പോ അവൾ തിരയുകയായിരുന്നിരിക്കാം. എന്നാൽ അതിലുണ്ടായിരുന്നത് അദ്ദേഹത്തിന്റെ കൈപ്പടയായിരുന്നു.

അവൾ ഡയറി വായിക്കാൻ തുടങ്ങി. 'ഇന്ന് ഡോക്ടർ കാര്യങ്ങൾ വ്യക്തമാക്കി, ഇനി ഒന്നും ചെയ്യാനില്ലന്ന്. സാറാമ്മയ്ക്ക് ഇതിനകം അതറിയാം. അവൾക്കെന്നും ആശുപത്രികളിലെ ഗന്ധം അസഹ്യമായിരുന്നു. 'എനിക്ക് വീട്ടിൽ കിടന്ന് മരിക്കണം,' അവൾ പറഞ്ഞു. ഡോക്ടറും അത് ശരിവെച്ചു, ഇനിയുള്ള ദിവസങ്ങൾക്ക് വീട് തന്നെയാണ് നല്ലതെന്ന്. ഒരുപാട് നേരം ഞാനത് ആലോചിച്ചിരുന്നു. എനിക്കൊന്നും മിണ്ടാനായില്ല. ഇന്ന് രാത്രി ഞാൻ അവളെ വീട്ടിലേക്ക് കൊണ്ടുപോകും'.

അവൾ പേജുകൾ മറിച്ചു. 'സാറാമ്മയ്ക്ക് ഇന്ന് നല്ല വേദനയുണ്ട്. ഞാൻ അവൾക്കരികിലിരിപ്പുണ്ട്. മെഷീനുകളോ മോണിറ്ററുകളോ ഒന്നുമില്ല. ഞാൻ മാത്രം. ഒരു ചോദ്യം മാത്രം മനസിനെ അലട്ടിക്കൊണ്ടിരിക്കുന്നു: ഇത് മതിയോ? ദൈവമേ, ഇത് മതിയോ?'

'കുട്ടി ഇന്നും ഒന്നും കഴിച്ചില്ല. അവൾ എല്ലാം കാണുന്നുണ്ട്, എന്നാൽ അവൾക്കൊന്നും മനസ്സിലാകുന്നില്ല. ദൈവമേ, എന്നെങ്കിലുമൊരിക്കൽ അവളിതെല്ലാം മനസ്സിലാക്കണേ.' പിന്നീട്, ആ ഡയറിയിലെ അവസാനത്തെ കുറിപ്പ്, തീയതിയില്ലാത്ത ഒരൊറ്റ വരി:'സാറാമ്മ പോയി.' അതിനുതാഴെ ഒന്നുമുണ്ടായിരുന്നില്ല. ശൂന്യത മാത്രം. ആ ഡയറിയിലെ ബാക്കിയുള്ള പേജുകളെല്ലാം ശൂന്യമായിരുന്നു.

ഒരുനിമിഷം അവളാ പുസ്തകം നെഞ്ചോട് ചേർത്തുപിടിച്ചു. അവൾക്കന്ന് പന്ത്രണ്ട് വയസ്സായിരുന്നു. ചികിത്സയോ, ആശുപത്രി വാർഡോ ഇല്ലാതെ, കൃത്യമായ വൈദ്യസഹായമെന്ന് അവൾ വിശ്വസിച്ചിരുന്നതൊന്നുമില്ലാതെ, തന്റെ അമ്മ വീട്ടിൽക്കിടന്ന് വേദന സഹിക്കുന്നത് അവൾ കണ്ടിരുന്നു. അതെല്ലാം കണ്ട് അവൾ അവളുടേതായ ചില നിഗമനങ്ങളിലെത്തി, വർഷങ്ങൾക്കിപ്പുറം അവളൊരിക്കലും ചോദ്യം ചെയ്യാൻപോലും തയ്യാറാകാത്തവിധം ആ നിഗമനങ്ങൾ അപ്പനോടുള്ള വെറുപ്പായി അവളിൽ ഉറച്ചുപോയിരുന്നു. അവളൊരിക്കൽപ്പോലും പിതാവിനോട് അതേപ്പറ്റി ചോദിച്ചിരുന്നില്ല.

അവൾ അടുത്ത ഡയറിയെടുത്തു. പിന്നെ അടുത്തതും. ചെറിയ, ലളിതമായ കുറിപ്പുകളിലൂടെ പിന്നിട്ട വർഷങ്ങൾ അവൾക്കുമുന്നിൽ ചുരുളഴിഞ്ഞു. അദ്ദേഹം വിളിച്ചിട്ടും അവൾ എടുക്കാതിരുന്ന ഫോൺ കോളുകൾ, പൊട്ടിക്കാതെ തിരിച്ചയച്ച കത്തുകൾ, ഒരു പതിറ്റാണ്ടോളം മുടങ്ങാതെ അവൾക്കയച്ച ജന്മദിന കാർഡുകൾ.


'ഒരുപക്ഷേ അന്ന് രാത്രി ഞാനവളോട് കാര്യങ്ങൾ വിശദീകരിക്കണമായിരുന്നു. അവളുടെ അമ്മ എന്താണ് ആവശ്യപ്പെട്ടതെന്നും ഡോക്ടർമാർ എന്താണ് നിർദ്ദേശിച്ചതെന്നും. പക്ഷേ എനിക്ക് സംസാരിക്കാൻ വാക്കുകളുണ്ടായിരുന്നില്ല. ഞാനും തീവ്രമായ മനോവേദനയിലായിരുന്നു. ആ നിശ്ശബ്ദത ഇന്നിപ്പോൾ അവർക്കിടയിൽ വലിയൊരു മതിലായി മാറിയിരിക്കുന്നു. എന്നെങ്കിലുമൊരിക്കൽ ഞാൻ അവളോട് മാപ്പ് ചോദിക്കും.

ഒരു പേജിന്റെ ഓരത്തായി ചെറിയൊരു കുരിശുരൂപം വരച്ച് അടയാളപ്പെടുത്തിയിരുന്നു. അതിന്റെ തലക്കെട്ട് ഇങ്ങനെയായിരുന്നു: 'ദാഹം'. ഞാനിന്ന് യോഹന്നാൻ 19:28 വീണ്ടും വായിച്ചു: 'എനിക്ക് ദാഹിക്കുന്നു'. മണിക്കൂറുകളോളം ഞാൻ ഇതെക്കുറിച്ച് ചിന്തിച്ചിരിക്കുകയായിരുന്നു. തീർച്ചയായും അവന് ദാഹിച്ചിട്ടുണ്ടാകും. ആ അവസ്ഥയിൽ ആർക്കായാലും ദാഹം വരും. എന്നാൽ അത് വെറും ദാഹം മാത്രമാണെന്ന് ഉൾക്കൊള്ളാൻ എന്റെ മനസനുവദിക്കുന്നില്ല. 'തിരുവെഴുത്തു നിവൃത്തിയാകുവാൻ' വേണ്ടിയാണ് അവനത് പറഞ്ഞതെന്ന് യോഹന്നാൻ എന്തിനാവും എഴുതിയത്? മരിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ വെള്ളം ചോദിച്ചത് മാത്രമായിരുന്നെങ്കിൽ, എന്തിനതിനെ ഒരു പ്രവചനമായി അവതരിപ്പിക്കണം? അതിന് അത്രത്തോളം പ്രാധാന്യം നൽകുന്നതെന്തിനാണ്?

പിന്നീട് എന്റെ ഉള്ളിലേക്ക് ഒരു ചിന്ത കടന്നുവന്നു. തന്റെ ശരീരത്തിന്റെ ദാഹത്തെക്കുറിച്ചായിരുന്നില്ല യേശു സംസാരിച്ചിരുന്നത്. താൻ രക്ഷിക്കാൻ വന്ന ലോകത്തെച്ചൊല്ലിയായിരുന്നു അവന് ദാഹം. വഴിതെറ്റിപ്പോയവരെച്ചൊല്ലി, അകന്നുപോയവരെച്ചൊല്ലി, തിരിഞ്ഞുനടന്നവരെച്ചൊല്ലി

➤ 22





ഡോ. സജികുമാർ കെ. പി.

# ഭക്തന്മാർ ഇല്ലാതെ പോകുന്നു

അപ്പോസ്തല പ്രവർത്തി ഏഴാം അധ്യായത്തിൽ സ്തേഫാനോസ് തന്റെ പ്രസംഗ മദ്ധ്യേ ഉദാഹരണമായി പറയുന്ന കുടുംബമാണ് മോശെയുടെ കുടുംബം. ആ കാലത്ത് മോശെ ജനിച്ചു, ദിവ്യസുന്ദരനായിരുന്നു. അവനെ മൂന്നുമാസം അപ്പന്റെ വീട്ടിൽ പോറ്റി (പ്രവൃത്തികൾ 7:20). ഇവിടെ പറയുന്ന ദിവ്യസുന്ദരൻ എന്ന പ്രയോഗം കൗതുകകരമാണ്. ഈ ദിവ്യത്വമുള്ള സൗന്ദര്യം എന്താണ് എന്ന് പെട്ടെന്ന് നാം ചിന്തിച്ച് പോകും! ചില ഇംഗ്ലീഷ് പരിഭാഷകളിൽ നിന്ന് ശരിയായ അർഥം നമുക്ക് വ്യക്തമാകും. ഇംഗ്ലീഷ് സ്റ്റാൻഡേർഡ് വേർഷൻ അനുസരിച്ച് 'ദൈവത്തിന്റെ കാഴ്ചയിൽ മോശെ സൗന്ദര്യമുള്ളവനായിരുന്നു' എന്നും, ന്യൂ ഇന്റർനാഷണൽ വേർഷൻ അനുസരിച്ച് മോശെ 'ഒരു അസാധാരണ' കുഞ്ഞായിരുന്നു എന്നുമാണ്.

ഇവയെല്ലാം ചേർത്തുവായിച്ചാൽ യുക്തിസഹമായതും നമുക്ക് അനുമാനിക്കാൻ കഴിയുന്നതുമായ കാര്യം എന്തായിരിക്കും? ദൈവം അബ്രഹാമിനോട് പറഞ്ഞു: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് 400 സംവത്സരം പ്രവാസികളായിരിക്കും. അതിനുശേഷം ദൈവം ആ ജാതിയെ വിധിക്കുകയും, ഇസ്രയേൽ അതിസമ്പന്നരായി അവിടെ നിന്നും പുറപ്പെട്ടു പോരുകയും ചെയ്യും. എങ്കിലും, എന്നും അടിമപ്പണി ചെയ്തുകൊണ്ടിരുന്ന ഇസ്രയേൽ ജനത കാലാന്തരത്തിൽ ദൈവീക വചനങ്ങളെയും വാഗ്ദത്തങ്ങളെയും മറന്നുകളഞ്ഞു. എന്നാൽ സമയം വന്നിരിക്കുന്നു എന്നും ദൈവജനത്തിന് നേതൃത്വം നൽകി അവരെ പുറപ്പെടുവിച്ചു കൊണ്ടുപോകുവാൻ ഒരു വ്യക്തി ദർശനത്തോടെ എഴുന്നേറ്റു വരണം എന്നുമുള്ള ആത്മഭാരം മോശെയുടെ മാതാപിതാക്കൾക്കുണ്ടായി.

സകല ആൺകുഞ്ഞുങ്ങളെയും നദിയിൽ ഇട്ട് കൊന്നുകളയണം എന്ന് ഫറവോൻ കൽപ്പന പുറപ്പെടുവിച്ചപ്പോൾ (പുറപ്പാട് 1:22) എല്ലാവരും ഭയപ്പെടുകയും നിരാശപ്പെടുകയും ചെയ്തുവെങ്കിലും, മോശെയുടെ മാതാപിതാക്കളുടെ കാഴ്ചപ്പാട് ശക്തി പ്രാപിക്കുകയായിരുന്നു. ആ മാതാപിതാക്കൾ ഇങ്ങനെ പ്രാർത്ഥിച്ചു കാണും. ദൈവമേ, ഞങ്ങൾക്കൊരു ആൺകുട്ടിയെ തന്നാൽ, ഇസ്രയേൽ ജനത്തെ തിരുഹിതം അനുസരിച്ച് പുറപ്പെടുവിച്ചു കൊണ്ടുപോകാനുള്ള കാഴ്ചപ്പാടും ദർശനവും പകർന്ന്, എന്തു ത്യാഗം സഹിച്ചും അവനെ വളർത്തിക്കൊള്ളാം. ഈ പ്രാർത്ഥനയുടെ മറുപടിയായിട്ടാണ് മോശെക്കുഞ്ഞ് ജനിച്ചത് എന്ന് മോശെയുടെ മാതാപിതാക്കൾ വിശ്വസിച്ചു. ഒരു ആൺകുഞ്ഞിന്റെ ജനന

ത്തിൽ നിരാശയും ഭാരവും നിറഞ്ഞ, ഈ കുഞ്ഞിന്റെ കൂടെ മരണം കാണണമല്ലോ എന്ന് പറഞ്ഞു വിലപിക്കുന്ന ബന്ധുമിത്രാദികൾ ഒരു ഭാഗത്ത് നിൽക്കുമ്പോൾ, മോശെ എന്ന ഈ പിഞ്ചുകുഞ്ഞ് ദിവ്യസുന്ദരൻ ആയിരുന്നു എന്ന് കാണാൻ കൃപയാൽ മാതാപിതാക്കൾക്ക് കഴിഞ്ഞു.

അതായത് ഈ കുഞ്ഞ് ദൈവത്തിന്റെ കാഴ്ചയിൽ തികഞ്ഞവൻ ആണെന്നും ഒരസാധാരണ കുഞ്ഞാണെന്നും അവർ കണ്ടു. ആർക്കും കാണാൻ കഴിയാത്ത ദൈവീക നിയോഗം മോശെയെന്ന പിഞ്ചുകുഞ്ഞിൽ കാണുവാൻ ആ മാതാപിതാക്കൾക്ക് കഴിഞ്ഞതുകൊണ്ട് ആ കാലഘട്ടത്തിലെ ചരിത്രനിയോഗം മോശെയിലൂടെ നിവർത്തിച്ചു. ആരൊക്കെ ദർശനം മങ്ങി പിന്മാറ്റത്തിൽ പോയാലും മോശെ ഒരിക്കലും പിൻവാങ്ങിയില്ല. കാരണം ചെറുപ്രായത്തിൽ അമ്മയും അപ്പനും ഈ കുഞ്ഞിന്റെ ഹൃദയത്തിൽ ആഴമായി പതിപ്പിച്ചത് സ്വർഗ്ഗീയ ദർശനം ആയിരുന്നു.

മോശെയുടെ സഹോദരി മിര്യാം, കുഞ്ഞിനെ ഞാങ്ങണപ്പെട്ടകത്തിൽ കിടത്തി ഫറവോന്റെ കൊട്ടാരത്തിന് സമീപമുള്ള കുളിക്കടവിലേക്ക് നടന്നത് ജീവൻ പണയം വെച്ചുകൊണ്ടായിരുന്നു. ഫറവോന്റെ പുത്രി പെട്ടകം തുറന്ന് കുഞ്ഞിനെ പുറത്തെടുത്തു. കരയുന്ന കുഞ്ഞിനെ കണ്ടപ്പോൾ അവൾക്ക് അതിനോട് അലിവ് തോന്നി. 'കുഞ്ഞിന് മുല കൊടുക്കുവാൻ ഒരു എബ്രായ സ്ത്രീയെ കൊണ്ടുവരട്ടെ' എന്ന് മിര്യാം ചോദിച്ചത് ജീവൻ നഷ്ടപ്പെട്ടേക്കാം എന്ന സാഹചര്യം അറിയാതെ ആയിരുന്നില്ല. ഇങ്ങനെയൊക്കെ ത്യാഗം ചെയ്യുവാൻ മിര്യാമിനെ പ്രേരിപ്പിച്ചതും മറ്റൊന്നുമായിരുന്നില്ല. ആ കുടുംബം മോശെയിൽ കണ്ട ദിവ്യസൗന്ദര്യത്തിന്റെ ദൈവിക ദർശനമായിരുന്നു അത്.

നാം ആയിരിക്കുന്നത് അന്ത്യകാലഘട്ടത്തിലാണ്. കർത്താവിന്റെ വരവിനോട് നാം ഏറ്റവും അടുത്തിരിക്കുന്ന ഈ അന്ത്യകാലത്തിന്റെ അവസാനനിമിഷത്തിൽ നമ്മുടെ യുവതലമുറ വഴിതെറ്റിക്കൊണ്ടിരിക്കുകയാണ്. നല്ല പങ്കാളുകളും ദൈവികതയും ആത്മീയതയും അലക്ഷ്യമാക്കി ലോകമോഹങ്ങളാൽ വിരഞ്ഞോടുന്ന ദയനീയ കാഴ്ചയാണ് നമുക്ക് ചുറ്റും. ദൈവജനമായ ഇസ്രയേലിന്റെ പുറപ്പാടിന്റെ നാൾ വന്നതുപോലെ, ദൈവസഭ ആത്മീയ കനാനിലേക്കുള്ള ഉത്പ്രാപണത്തിനായി ഒരുങ്ങി കാത്തിരിക്കേണ്ടവരാണ്.

ഇക്കാലത്തിന്റെ ഏറ്റവും വലിയ ആവശ്യം ആത്മഭാരത്തോടെയും ദൈവീക ദർശനത്തോടെയും ആത്മീയസമൂഹം രൂപപ്പെട്ടു വരണം എന്നതാണ്. ദൈവസഭയെ കർത്താവിന്റെ വരവിനായി ഒരുക്കുവാൻ ദൈവത്തിന് ചിലരെ ആവശ്യമുണ്ട്. ചങ്കുറപ്പോടെ മിസ്രയീമിന്റെ നിക്ഷേപങ്ങളെക്കാൾ ദൈവപദ്ധതിക്കും ദർശനത്തിനും കാഴ്ചപ്പാടിനും വേണ്ടി ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി സുവിശേഷവേലയ്ക്ക് ചുമൽ കൊടുക്കുവാൻ ദൈവത്തിന് ചിലരെ ആവശ്യമുണ്ട്.

എന്റെ മക്കൾ ഡോക്ടർ ആകണം, കളക്ടർ ആകണം എന്നൊക്കെ മക്കളിൽ നിന്നും പ്രതീക്ഷിക്കുന്നതിലുപരി അവർ ആത്മികരും കർത്താവിന്റെ വേല ചെയ്യുന്നവരുമാകണം എന്ന ദർശനം ഉള്ള എത്ര മാതാപിതാക്കളുണ്ട്? അവർ ഹോംവർക്ക് ചെയ്യാതിരിക്കുമ്പോഴും പഠിക്കാതിരിക്കുമ്പോഴും തോന്നുന്ന പ്രയാസത്തിന്റെ പത്തിലൊന്ന്, വചനം വായിക്കാതിരിക്കുമ്പോഴും പ്രാർത്ഥനയ്ക്ക് സമയം വേർതിരിക്കാതിരിക്കുമ്പോഴും തോന്നുന്ന എത്രപേരുണ്ട്? അവരിലേക്ക് സമ്പാദ്യത്തിന്റെയും ലോകനേട്ടങ്ങളുടെയും കാഴ്ചപ്പാടുകൾ പകർന്നു നൽകുന്നതിനു പകരം, നിത്യതയുടെ കാഴ്ചപ്പാട് പകർന്നു നൽകുവാൻ എത്ര പേർ തയ്യാറാണ്? മോശെയുടെ മാതാപിതാക്കൾ അവനിൽ കണ്ട ദർശനം രാജ്യഭരണം നടത്തുന്ന ഫറവോൻ ആയോ, ഭൗതികനേട്ടങ്ങളും ധനവും വെട്ടിപ്പിടിക്കുന്ന നേതാവായോ അല്ലായിരുന്നു. മോശെയ്ക്ക് അവർ പകർന്നുനൽകിയത് ത്യാഗത്തിന്റെ ദർശനമായിരുന്നു, ദൈവീക കാഴ്ചപ്പാടായിരുന്നു. അത് മുലകുടിക്കുന്ന പ്രായത്തിൽ ആയിരുന്നു എന്നത്, ഇന്ന് എത്ര മാതാപിതാക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്? ആ നിലയിൽ നമ്മുടെ കുഞ്ഞുങ്ങളെ ചെറുപ്രായത്തിലേ പരിശീലിപ്പിച്ചില്ലെങ്കിൽ അവർ ആത്മീയരാവുക ഏറെക്കുറെ അസാധ്യമല്ലേ?

ഇതേ മാതൃകയിൽ നമ്മുടെ മക്കളെയും പരിശീലിപ്പിച്ചെടുക്കേണ്ട മുഴുവൻ ഉത്തരവാദിത്തവും മാതാപിതാക്കൾക്കാണ്. മറ്റുള്ളവർ ഇതിൽ സഹായികളായേക്കാം എന്നുമാത്രം. തലമുറകളിൽ ദിവ്യസൗന്ദര്യം നമുക്കും ദർശിക്കാം. 'നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവീൻ' എന്ന കർതൃവചനം ഏറെ പ്രസക്തമാണെന്ന് നാം കാണാതെ പോകരുത്

•



റിക്ക് വാറൻ

# നീതിയും സ്നേഹവും ഒന്നിച്ചുചേരുമ്പോൾ...

ജീവിതത്തിൽ ലഭിക്കുന്ന ചില സമ്മാനങ്ങൾ ഒരിക്കലും മറക്കാനാവാത്തവയാണ്. ചിലത് സ്നേഹത്തിന്റെ ഓർമ്മകളാണെങ്കിൽ, മറ്റുചിലത് ജീവിതം മാറ്റിമറിച്ച അനുഗ്രഹങ്ങളാണ്. എന്നാൽ ലോകത്തിൽ മനുഷ്യന് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും മഹത്തായ സമ്മാനം ഒരിടത്തുനിന്നും ആർക്കും വിലയ്ക്കു വാങ്ങുവാൻ സാധ്യമല്ലാത്തതാണ്. അത് മാനഷകൈകളാൽ നിർമ്മിതവുമല്ല. പ്രത്യുത, അമൂല്യമാണ്. ആ സമ്മാനം നൽകുവാൻ ദൈവം തന്റെ ഏകജാതനായ പുത്രനെത്തന്നെ ബലിയായി നൽകേണ്ടിവന്നു. ആ മഹത്തായ ദാനമാണ് യേശുക്രിസ്തുവിലൂടെ മനുഷ്യർക്കു ലഭിച്ച അതിമഹത്തായ രക്ഷ. ക്രിസ്തുവിന്റെ ജനനം, ശുശ്രൂഷ, അത്ഭുതങ്ങൾ എന്നിവയെക്കാൾ അധികം മനുഷ്യചരിത്രത്തെ ആഴത്തിൽ സ്പർശിച്ച സംഭവം തന്റെ ക്രൂശുമരണമാണ്. എന്നാൽ പലർക്കും ഇന്നും ഒരു ചോദ്യം മനസ്സിലാകാതെ തുടരുന്നു. യേശു മരിച്ചത് എന്തിന്? ഈ ചോദ്യത്തിനുള്ള ഉത്തരം മനസ്സിലാകുമ്പോഴാണ് ക്രൂശിൽ വെളിപ്പെടുത്തിയ സ്നേഹവും രക്ഷയുടെ ആഴവും മനുഷ്യൻ അല്പമെങ്കിലും ഗ്രഹിക്കുന്നത്!

മനുഷ്യന്റെ വീഴ്ചയും പാപവും എങ്ങനെ സംഭവിച്ചു? ദൈവം മനുഷ്യനെ തേജോധാരിയായി വിശുദ്ധിയിലും സ്നേഹത്തിലും അനുസരണമുള്ളവനായി ദൈവസാന്നിധ്യത്തിൽ ജീവിക്കുവാൻ സൃഷ്ടിച്ചു. എന്നാൽ പിശാചിന് ചെവി കൊടുത്തപ്പോഴുണ്ടായ ചിന്താക്കുഴപ്പം, അനുസരണക്കേടിലേക്കും, തദ്വാരാ ദൈവത്തിൽ നിന്നകറ്റി ആത്മിക മരണത്തിലേക്കും അവരെ നയിച്ചു. പാപം ലോകത്തിലേക്ക് പ്രവേശിച്ചതോടെ പാപാന്ധകാരം മനുഷ്യനെ ഗ്രസിച്ചു. അങ്ങനെ ആത്മാവ് പാപത്താൽ  ഇരുണ്ടുപോയി. പാപം എന്നത് കേവലം തെറ്റായ പ്രവൃത്തി മാത്രമല്ല. അത് ദൈവഹിതത്തിൽ നിന്ന് അകന്നുജീവിക്കുന്ന അവസ്ഥയുമാണ്. മനുഷ്യൻ ബാഹ്യമായി എത്ര മതഭക്തനായി കാണപ്പെട്ടാലും ഉള്ളിൽ അവൻ തകർന്നവനാണ്. മനസ്സാക്ഷിയുടെ നിശ്ശബ്ദമായ കുറ്റപ്പെടുത്തലുകളിൽ നിന്ന് അവൻ പൂർണ്ണമായി രക്ഷപ്പെട്ടിട്ടില്ല. വേദപുസ്തകം പറയുന്നു: എല്ലാവരും പാപം ചെയ്തു ദൈവതേജസ്സിൽ കുറവുള്ളവരായിത്തീർന്നു (റോമർ 3:23). 'എല്ലാവരും' എന്ന വാക്കിൽ രാജാവും പ്രജകളും ധനികനും ദരിദ്രനും, പണ്ഡിതനും പാമരനും, ഏതു തലത്തിലുള്ളവരും ഉൾപ്പെടുന്നു. മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം ആത്മീയ വീഴ്ചയാണ്. പാപം, മനുഷ്യനെ ദൈവത്തിൽ നിന്ന് മാത്രമല്ല, സമാധാനത്തിൽ നിന്നും വിശുദ്ധിയിൽ നിന്നും നിത്യജീവനിൽ നിന്നും എല്ലാം അകറ്റി നിത്യനരകത്തിന് അർഹനാക്കി.

എന്നാൽ സ്നേഹനിധിയായ ദൈവം, നീതിയുടെയും ദൈവമാണ്. ദൈവം സ്നേഹം മാത്രമായിരുന്നു എങ്കിൽ പാപത്തിന് ശിക്ഷയുണ്ടാകുമായിരുന്നില്ല. നീതി മാത്രമായിരുന്നുവെങ്കിൽ മനുഷ്യന് രക്ഷയുമുണ്ടാകുമായിരുന്നില്ല. ക്രൂശിൽ ഇവ രണ്ടും ഒന്നിച്ചുചേരുന്നു. ദൈവനീതിയും ദൈവസ്നേഹവും. മനുഷ്യകോടതികളിൽ കുറ്റത്തിന് ശിക്ഷയുണ്ടെങ്കിൽ ദൈവത്തിന്റെ കോടതിയിൽ പാപത്തിന് ശിക്ഷയില്ലാതെ പോകുമോ? വചനം പറയുന്നു: പാപത്തിന്റെ ശമ്പളം മരണമാണ് (റോമർ 6:23). പാപത്തിന്റെ ശിക്ഷ വെറും ശാരീരിക

മരണമല്ല; ദൈവസാന്നിധ്യത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. അതുകൊണ്ടാണ് മനുഷ്യന് ഒരു രക്ഷകൻ ആവശ്യമായി വന്നത്. ഇവിടെയാണ് യേശു മനുഷ്യന്റെ പകരക്കാരനായത്. മനുഷ്യന് സ്വന്തപാപം സ്വയം കഴുകിക്കളയുവാൻ ഒരിക്കലും കഴിയുകയില്ല. നല്ല പ്രവൃത്തികൾക്കും പാപത്തിന്റെ ശിക്ഷ നീക്കുവാൻ സാധിക്കയില്ല. അതുകൊണ്ടാണ് ദൈവം മനുഷ്യനെ ഉപേക്ഷിക്കാതെ പാപത്തിൽനിന്നുള്ള നീക്കുപോക്കിനായി ഒരു വഴിയൊരുക്കിയത്. ആ വഴിയാണ് യേശുക്രിസ്തു. പാപമില്ലാത്തവനായിരുന്ന യേശു, പാപികളുടെ സ്ഥാനത്ത് മനുഷ്യന്റെ പകരക്കാരനായി നിന്നു. കുറ്റമറ്റവൻ കുറ്റക്കാരന്റെ ശിക്ഷ ഏറ്റെടുത്തു. വിശുദ്ധനായവൻ ശപിക്കപ്പെട്ടവനെപ്പോലെ ക്രൂശിൽ തറയ്ക്കപ്പെട്ടു. പാപം അറിയാത്തവനെ ദൈവം നമ്മുടെ നിമിത്തം പാപമാക്കി (2 കൊരിന്ത്യർ 5:21). ക്രൂശിൽ യേശു സഹിച്ചതെല്ലാം മനുഷ്യന്റെ വീണ്ടെടുപ്പിനു വേണ്ടിയായിരുന്നു. മുൾക്കിരീടം ധരിച്ചത് മനുഷ്യന്റെ അഹങ്കാരത്തിനുവേണ്ടി, കൈകളിലെ ആണികൾ അവന്റെ പാപബന്ധനങ്ങൾ പൊട്ടിക്കുവാൻ, രക്തം ചൊരിഞ്ഞത് ആത്മാവിനെ ശുദ്ധീകരിക്കുവാൻ. അതിനാൽ ക്രിസ്തുവിന്റെ മരണം ഒരിക്കലും ഒരു ദുരന്തമല്ല; അത് ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പരിപൂർണ്ണതയാണ്.

ക്രൂശ്, ദൈവസ്നേഹം വെളിപ്പെട്ട ഇടമാണ്. സ്നേഹം പലവിധത്തിൽ പ്രകടമാക്കപ്പെടുന്നു. സ്വന്തജീവൻ മറ്റൊരാളിനുവേണ്ടി കൊടുക്കുന്നതിലും വലിയ സ്നേഹം ഇല്ല. യേശു മനുഷ്യനെ സ്നേഹിച്ചതിനാലാണ് മരണം ആസ്വദിച്ചത്. ക്രൂശ് മനുഷ്യന്റെ ക്രൂരതയുടെ അടയാളമല്ല. അത് ദൈവസ്നേഹത്തിന്റെ നിത്യപ്രഖ്യാപനമാണ്. ക്രൂശിൽ ആണികളാൽ തറയ്ക്കപ്പെട്ടപ്പോഴും കഠിനവേദന അനുഭവിക്കുമ്പോഴും യേശു പറഞ്ഞു: 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്നു അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ'! ആ വാക്കുകളിൽ പോലും രക്ഷയുടെ വാതിൽ തുറന്നുകിടക്കുകയായിരുന്നു!

രക്ഷ മനുഷ്യന് ലഭിച്ച മഹത്തായ ദാനം ആകുന്നു. രക്ഷ മനുഷ്യന്റെ യോഗ്യതയുടെ പ്രതിഫലമല്ല; കൃപയാലുള്ള നിസ്തുല സ്നേഹത്തിന്റെ അതിമഹത്തായ ദാനമാണ്. ആരും സ്വന്തം നന്മകൊണ്ട് സ്വർഗ്ഗം നേടുന്നില്ല. യേശുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിക്കുമ്പോഴാണ് മനുഷ്യൻ രക്ഷ അനുഭവിക്കുന്നത്. യേശുവിനെ കൈക്കൊണ്ട് തന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം നൽകി (യോഹന്നാൻ 1:12). രക്ഷയുടെ വാതിൽ ദൈവം തുറന്നിട്ടിരിക്കുകയാണ്. ഈ പരമസത്യം അംഗീകരിച്ച്, വിശ്വസിച്ച് അനുതപിച്ച്, ക്രിസ്തുവാകുന്ന വാതിലിലൂടെ 'സ്വന്തതീരുമാനപ്രകാരം' മനുഷ്യൻ ഈ വലിയ രക്ഷയിലേക്ക് കടന്നുവരേണ്ടതാണ്.

മനുഷ്യർ സാങ്കേതികവിദ്യയിൽ വളർന്നിട്ടുണ്ടെങ്കിലും ആത്മാവിൽ ശൂന്യനാണ്. സമാധാനം അന്വേഷിച്ചുകൊണ്ട് മനുഷ്യൻ പല വഴികളിലൂടെ സഞ്ചരിക്കുന്നു. എന്നാൽ ഹൃദയത്തിന്റെ ദാഹം തീർക്കുവാൻ കഴിയുന്നത് ക്രിസ്തുവിന്റെ സ്നേഹത്തിനാണ്. മനം തകർന്നവരെയും പാപബോധത്തിൽ ജീവിക്കുന്നവരെയും യേശു ഇന്നും വിളിക്കുന്നു. യേശുവിന്റെ മരണം തന്റെ അവസാനമായിരുന്നില്ല. മരണത്തിന്റെ അധികാരിയായ പിശാചിനെ ആയുധവർഗ്ഗം വയ്പ്പിച്ച് പരാജയപ്പെടുത്തിക്കൊണ്ട് വീണുപോയ മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുന്ന ദൈവിക പദ്ധതിയാണ് ക്രൂശിൽ നിറവേറിയത്. മനുഷ്യന് വിഭാവനം ചെയ്യുവാൻപോലും കഴിയാത്ത അതിമഹത്തായ നിരപ്പിന്റെ ഒരു പുതിയ തുടക്കമായിരുന്നു ക്രൂശിൽ നിറവേറിയത്. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് മരണത്തിനുമേലുള്ള ജയഘോഷമായിരുന്നു. അതുകൊണ്ടാണ് ക്രിസ്തീയവിശ്വാസം പ്രത്യാശയുടെ സന്ദേശമായിരിക്കുന്നത്.

യേശു മരിക്കേണ്ടി വന്നത് മനുഷ്യനു നിത്യജീവൻ പ്രദാനം ചെയ്യേണ്ടതിനായിരുന്നു. അവിടുന്ന് ശിക്ഷിക്കപ്പെട്ടത് മനുഷ്യന് ക്ഷമ ലഭിക്കേണ്ടതിനായിരുന്നു. യേശു ക്രൂശിൽ തകർക്കപ്പെട്ടത് പാപത്തിൽ വീണ് നിത്യമരണത്തിലേക്കു കൂപ്പുകുത്തിയ മനുഷ്യന്റെ യഥാസ്ഥാപനത്തിനു വേണ്ടിയായിരുന്നു. ക്രൂശിലേക്കു നോക്കുമ്പോൾ നാം കാണുന്നത് കേവലം മരണം മാത്രമല്ല, ദൈവത്തിനു നമ്മോടുള്ള അളവറ്റ സ്നേഹമാണ്, പാപിയെ തേടിയെത്തുന്ന സ്നേഹവാപിയായ രക്ഷകനെയാണ്, കരുണയുടെയും മനസ്സലിവിന്റെയും ദീർഘക്ഷമയുടെയും സാഗരത്തെയാണ്. ക്രൂശിൽനിന്ന് ഇന്നും പ്രവഹിക്കുന്നത് സമാനതകളില്ലാത്ത വലിയ പ്രത്യാശയാണ് •



സുജ വിനു



# ജീവന്റെയും ചൈതന്യത്തിന്റെയും പ്രതീകം

'**ക**ടൽ' വേദപുസ്തകത്തിൽ ആവർത്തിച്ചു കാണപ്പെടുന്ന ഒരു രൂപകമാണ്. ഉല്പത്തി പുസ്തകത്തിൽ, 'ആഴത്തിന് മീതെ ഇരുൾ ഉണ്ടായിരുന്നു, വെള്ളത്തിന് മീതെ, ദൈവത്തിന്റെ ആത്മാവ് ചരിച്ചുകൊണ്ടിരുന്നു' എന്നുതുടങ്ങി, വെളിപ്പാടു പുസ്തകത്തിൽ 'സമുദ്രവും ഇനി ഇല്ല' എന്ന് അവസാനത്താളിലും അടയാളപ്പെടുത്തുന്ന കടൽ. ഭൗമികമായതും മാറിപ്പോകുന്നതുമായ കടൽ, പ്രപഞ്ചത്തിന്റെ സൃഷ്ടിക്കും പുനർസൃഷ്ടിക്കും ഇടയിൽ, അന്ധകാരത്തിന്റെയും പ്രതികൂലത്തിന്റെയും മരണത്തിന്റെയും രൂപകമായി ഉപയോഗിക്കപ്പെടുന്നു. നദി എന്ന രൂപകവും ഉല്പത്തി മുതൽ വെളിപ്പാട് വരെ വ്യാപിച്ചു പരന്നൊഴുകുന്നുവെങ്കിലും ജീവന്റെയും ചൈതന്യത്തിന്റെയും പ്രതീകമായാണ് ചിത്രീകരിക്കപ്പെടുന്നത്.

ഇരുളിനെ ജീവജലനദികളായി പരിവർത്തിപ്പിക്കുന്ന ദൈവാത്മപ്രവൃത്തി, വേദപുസ്തകത്തിലെ ഒരു മർമ്മമാണ്. കടൽക്ഷോഭമെന്ന പ്രതികൂലത്തിൽ പതറിപ്പോകുന്ന ശിഷ്യന്മാരെ യേശു ശാസിക്കുന്നിടത്തുനിന്ന് നമുക്കാരംഭിക്കാം. ചെങ്കടൽ പിളർക്കുന്ന ദൈവത്തെ അറിയാത്ത യഹൂദനില്ല. അത്ഭുതങ്ങളാൽ രക്ഷിച്ച് കനാനിലേക്ക് യാത്രതിരിക്കുന്ന ഇസ്രായേൽജനതയുടെ ആദ്യപ്രതിബന്ധം കടലാണ്. കടലിന്മേൽ കർതൃത്വമുള്ള യഹോവ, യഹൂദന് സുപരിചിതനാണ്. എല്ലാ പെസഹാകളിലും, കടന്നുപോകലിനെ ധ്യാനിക്കുമ്പോഴൊക്കെ, സിനഗോഗുകളിൽ പഠിപ്പിക്കുന്ന, സങ്കീർത്തനങ്ങളിൽ പുനരാവിഷ്കരിക്കപ്പെടുന്ന ചെങ്കടലിന്റെ അത്ഭുതം മന:പാഠമെന്ന പോലെ അറിഞ്ഞിരുന്നിട്ടും, തന്നിൽ വിശ്വസിക്കായ്ക കൊണ്ട്, താൻ ദൈവപുത്രനെന്ന് തിരിച്ചറിയായ്ക കൊണ്ട് യേശു ശിഷ്യന്മാരെ ശാസിക്കുന്നു. മോശെ മാത്രമല്ല യോശുവയും, യോർദ്ദാൻനദിയിൽ ദൈവത്തിന്റെ മഹത്വപൂർണ്ണമായ അത്ഭുതപ്രവൃത്തിയെ സാധ്യമാക്കുന്നുണ്ട്. അറിവ്, വിശ്വാസമായി പരിണമിക്കാത്തതിന്റെ പ്രയോജനമില്ലായ്മ യേശു വെളിപ്പെടുത്തുന്നുണ്ട്.

106 ാം സങ്കീർത്തനത്തിൽ ഇസ്രായേലിന്റെ രക്ഷയിൽ, യഹോവയുടെ വീര്യപ്രവൃത്തികളെ വർണ്ണിക്കുമ്പോൾ 'അവൻ ചെങ്കടലിനെ ശാസിച്ചു, അത് ഉണങ്ങിപ്പോയി ' എന്ന് എഴുതിയിരിക്കുന്നു. 66 ാം സങ്കീർത്തനത്തിലും 'യഹോവ സമുദ്രത്തെ ഉ

ണങ്ങിയ നിലമാക്കി' എന്ന് എഴുതിയിരിക്കുന്നു.

ചെങ്കടൽ പിളർന്നതുപോലെ, യോർദ്ദാനിലും പ്രവാഹത്തിന്മേൽ അധികാരമുള്ള കർത്താവിനെ, യോശുവ വെളിപ്പെടുത്തുന്നു. വേറെ ചില സങ്കീർത്തനങ്ങളിലും, അഗാധപ്രവാഹങ്ങളിൽ അകപ്പെട്ടാലും, അത് നിന്നെ മുക്കിക്കളയുകയില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഒരു മനുഷ്യനും നഗ്നപാദനായി വെള്ളത്തിന് മുകളിലൂടെ നടക്കാൻ ഇന്നോളം കഴിയാതിരിക്കെ, കടലിന് മീതെ നടക്കുന്നു യേശു. വിശ്വാസത്താൽ അല്പദൂരം അങ്ങനെ സഞ്ചരിക്കാൻ കഴിയുന്ന പത്രോസ് കാറ്റു കണ്ട് പതറിപ്പോകുന്നു.

ഉല്പത്തി രണ്ടാം അദ്ധ്യായത്തിൽ 'തോട്ടം നനപ്പാൻ ഒരു നദി ഏദെനിൽ നിന്നു പുറപ്പെട്ടു' എന്ന് തുടങ്ങി, വെളിപ്പാടിൽ 'കുഞ്ഞാടിന്റെ സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെ ശുദ്ധമായ ജീവജലനദിയും...' എന്ന് എഴുതിയിരിക്കുന്നിടം വരെ, വചനത്തിൽ പഴയനിയമത്തിലും പുതിയനിയമത്തിലും ജീവദ്യോതകമായി, ജീവൻ പകരുന്നതായി നദിയെ അവതരിപ്പിക്കുന്നു.

'ഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെത്തന്നെ, സന്തോഷിപ്പിക്കുന്നു. ദൈവം അതിന്റെ മധ്യേ ഉണ്ട്; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തു തന്നെ അതിനെ സഹായിക്കും' (സങ്കീർത്തനം 46:4). 'ദൈവത്തിന്റെ നദിയിൽ വെള്ളം നിറഞ്ഞിരിക്കുന്നു. പുഷ്ടിയുടേയും ദൈവീക അനുഗ്രഹങ്ങളുടെയും പ്രതീകമായ നദി. ദൈവീക സമൃദ്ധിയുടെ, ദൈവീക ജീവന്റെ നദി ... വിശുദ്ധിയുടെ, സൗഖ്യത്തിന്റെ പ്രതീകമായ നദി. 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും (യോഹന്നാൻ 7:38). ജലത്താലും ആത്മാവിനാലും വീണ്ടുംജനനം ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. വചനത്തോടുകൂടിയ ജലസ്നാനം എന്ന് എഫേസ്യരിലും(5:26) ശുദ്ധവെള്ളത്തിൽ കഴുകപ്പെടുന്നതിനെക്കുറിച്ച് എബ്രായരിലും (10:22) വെള്ളത്തിലൂടെ രക്ഷപെട്ട നോഹയുടെ അനുഭവത്തെ സ്നാനത്തിന് മുൻകുറി എന്ന് 1 പത്രോസിലും (3:20) പ്രസ്താവിക്കുന്നു. കടലിലും, നദിയിലും, ഉറവകളിലും ഉള്ളത് വെള്ളമെങ്കിലും ഒന്ന് ഇരുളിനെയും പ്രതികൂലത്തെയും മരണത്തെയും ഓർമ്മിപ്പിക്കുമ്പോൾ മറ്റൊന്ന് ജീവനെയും വിശുദ്ധിയെയും കൃപയെയും

**ആത്മികത അടുത്ത തലമുറയിലേക്ക് കൈമാറുക എന്നത് ഇക്കാലത്തു വളരെ പ്രയാസമുള്ള കാര്യം തന്നെയാണ്. ഈ പശ്ചാത്തലത്തിലാണ് അമ്മമാർക്ക് തങ്ങളുടെ തലമുറകളെ ക്രിസ്തുവുമായുള്ള ഉറ്റബന്ധത്തിലേക്ക് നടത്തുക എന്ന ദുഷ്കരമായ ദൗത്യം നിറവേറ്റുവാനുള്ളത്.**

ഓർമ്മിപ്പിക്കുന്നു. 'സിംഹാസനത്തിന്റെ മധ്യേ ഉള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും ചെയ്യും'... (വെളിപ്പാട് 7:17).

നമ്മുടെ കുഞ്ഞാട് പാപമായിത്തീർന്നുകൊണ്ട് പാപത്തെയും, മരണത്തിന് കീഴടങ്ങിക്കൊണ്ട് മരണത്തെയും ജയിച്ചവൻ, പച്ചവെള്ളത്തിന് രുചി പകർന്നവൻ, സമൃദ്ധമായ ജലാശയങ്ങളിലേക്ക് ആടുകളെ നയിക്കുന്ന ഇടയൻ... ഇനിയും കണ്ടെത്താം ഉപമാനങ്ങൾ. ജീവിതത്തിലെ പ്രശ്നങ്ങളുടെ കടലുകൾ നമ്മെ മുക്കിക്കളയാതെ നമ്മിൽ ജീവജലനദികളെ ഒഴുക്കുന്ന, നമ്മുടെ കർത്താവിനെ വാഴ്ത്താം. നദി, ഇരു കരകളിലുമുള്ള വൃക്ഷങ്ങൾക്ക് ജീവൻ പകരുക മാത്രമല്ല, ജലസ്രോതസുകളിലെ ഉറവുകളെ സജീവമാക്കുകയും ചെയ്യുന്നു. ഇതു പോലെ നമ്മൾ സഹോദരിമാർക്ക് നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിൽ ഒരു നദി എന്നപോലെ ഒപ്പമുള്ളവരെ പോഷിപ്പിക്കുന്ന അനുഭവം അനിവാര്യമാണ്. ആത്മികത അടുത്ത തലമുറയിലേക്ക് കൈമാറുക എന്നത് ഇക്കാലത്തു വളരെ പ്രയാസമുള്ള കാര്യം തന്നെയാണ്. ഈ പശ്ചാത്തലത്തിലാണ് അമ്മമാർക്ക് തങ്ങളുടെ തലമുറകളെ ക്രിസ്തുവുമായുള്ള ഉറ്റബന്ധത്തിലേക്ക് നടത്തുക എന്ന ദുഷ്കരമായ ദൗത്യം നിറവേറ്റുവാനുള്ളത്. ദൈവകൃപയിലാശ്രയിച്ച് നമ്മുടെ കുഞ്ഞുങ്ങളെ ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുന്നവരാക്കുവാൻ നമ്മെ സമർപ്പിക്കാം. അതിനായി ദൈവം നമ്മെ സജ്ജരാക്കട്ടെ. ഈ ഒരു രൂപാന്തരം, മരണത്തിൽ നിന്ന് ജീവനിലേക്ക്, നമ്മിലോരോരുത്തരിലും വരുത്തുവാൻ ദൈവം കൃപ ചെയ്യട്ടെ! •

ആ ദാഹമാണ്... അവരെയെല്ലാം തിരിച്ചുകൊണ്ടു വരണമെന്നുള്ള ആ തീവ്രമായ ആഗ്രഹമാണ്... സ്വർഗ്ഗീയമഹത്വത്തിൽ നിന്നും യേശുവിനെ ഒരു കുരിശുമരണം വരെ താഴേക്കുകൊണ്ടുവന്നത്. ജീവജലത്തിന്റെ നദികൾ വാഗ്ദാനം ചെയ്തവൻ ഇപ്പോൾ സ്വയം ദാഹിക്കാൻ വിട്ടുകൊടുത്തു , കാരണം അടുത്തും അകലെയുമായി അനേകർ അത് കുടിക്കാനായി ഇനിയും അവന്റെ അടുക്കൽ എത്തേണ്ടതായുണ്ടെന്ന് യേശുവിനറിയാമായിരുന്നു.

'എനിക്കും ദാഹിക്കുന്നുണ്ട്. എന്റെ മകൾക്കുവേണ്ടിയുള്ള ദാഹം. ചില ദിവസങ്ങളിൽ ആ ദാഹം മരുഭൂമിയിൽ ഒറ്റയ്ക്കിരിക്കുന്നതുപോലെയാണ്. ഒരു മറുപടിയുമില്ലാത്ത, മാറ്റൊലികളില്ലാത്ത ശൂന്യത. എന്നാൽ, തന്നിൽനിന്നും അകന്നുപോയവരെക്കുറിച്ചുള്ള ആഗ്രഹത്താൽ സാക്ഷാൽ ദൈവപുത്രൻ പോലും എരിഞ്ഞിരുന്നുവെങ്കിൽ, എന്റെ ഈ ദാഹവും ലജ്ജിക്കേണ്ട ഒരു ബലഹീനതയല്ലായിരിക്കാം. ഒരുപക്ഷേ എന്നിൽ അവശേഷിക്കുന്ന ഏറ്റവും സത്യസന്ധമായ കാര്യം അതായിരിക്കാം. ഞാനതിനെ ഒരു കയ്പ്പായി മാറാൻ അനുവദിക്കില്ല. അതങ്ങനെതന്നെ നിലനിൽക്കട്ടെ: ഒരു അപ്പന്റെ അടങ്ങാത്ത ആഗ്രഹം, യേശു തന്റെ ആഗ്രഹത്തെ വഹിച്ചതുപോലെ ഞാനിതിനെയും വഹിക്കും.'

'എന്നാൽ കുരിശിൽ ദാഹിച്ചവൻ, യാതൊരു കയ്പ്പും കൂടാതെ തികഞ്ഞ വിശ്വാസത്തോടെയും ലക്ഷ്യബോധത്തോടെയുമാണ് ആ ദാഹത്തെ സഹിച്ചത്. അതുപോലെ ഞാനും എന്റെ ദാഹത്തെ സഹിക്കും. ഞാനതിനെ ഒരു കോപമായി മാറാൻ അനുവദിക്കില്ല. അതൊരു കാത്തിരിപ്പായി, ഒരു വിളിയായി, ഒരു ആഗ്രഹമായിത്തന്നെ നിലനിൽക്കട്ടെ. ദൈവം ഒന്നിനെയും വെറുതെ കളയില്ല'. അവൾ വായന നിർത്തി...

അവൾ കിടക്കയിലുള്ള ആ മനുഷ്യനെ നോക്കി. വരണ്ട ചുണ്ടുകൾ, വേഗത കുറഞ്ഞ ശ്വാസം, എന്തോ തിരയുന്നതുപോലെ ഡയറിക്കരികിൽ വിശ്രമിക്കുന്ന കൈകൾ. ഇരുപത് വർഷങ്ങൾക്കിടയിൽ ആദ്യമായി, തന്നെ പരാജയപ്പെടുത്തിയ ഒരു മനുഷ്യനെ ആയിരുന്നില്ല അവളവിടെ കണ്ടത്. മറിച്ച്, തന്റെ കൈകൾ ചേർത്തുപിടിച്ച് മരിച്ചുകൊണ്ടിരുന്ന സ്വന്തം ഭാര്യയെ നോക്കിനിന്ന, അതിനെ 'വിശ്വസ്തത' എന്ന് വിളിച്ച, ഒരു മനുഷ്യനെയാണവൾ കണ്ടത്. ഒരിക്കലും തുറക്കാത്ത ഒരു വാതിലിനു മുന്നിലേക്ക് മുടങ്ങാതെ ജന്മദിന കാർഡുകൾ അയച്ച ഒരു മനുഷ്യൻ. തന്റെ ആഗ്രഹങ്ങളെ ക്രിസ്തുവിന്റെ ദാഹത്തോട് ഉപമിച്ചുകൊണ്ട്, ഒരക്ഷരംപോലും പരാതി പറയാതെ അത് സഹിച്ച ഒരു മനുഷ്യൻ.

'വെള്ളം...' തീരെ നേർത്ത ശബ്ദത്തിൽ വീണ്ടും അതേ വാക്ക്. ഇത്തവണ അവളാ സ്വാബ് എടുത്ത് സാവധാനം വെള്ളത്തിൽ മുക്കി. അവളത് അദ്ദേഹത്തിന്റെ ചുണ്ടുകളോട് മൃദുവായി ചേർത്തുവെച്ചു, അദ്ദേഹത്തിന്റെ ശ്വാസോച്ഛ്വാസം സാധാരണഗതിയിലാകുന്നതുവരെ അവളത് അവിടെത്തന്നെ പിടിച്ചു.

'അപ്പാ...' അവളറിയാതെതന്നെ ആ വിളി പുറത്തുവന്നു. 'എന്നോട് ക്ഷമിക്കണം. എനിക്കറിയില്ലായിരുന്നു. ഞാനൊരിക്കലും ചോദിച്ചില്ല, ഞാൻ ചോദിക്കണമായിരുന്നു.'

അദ്ദേഹത്തിന്റെ കണ്ണുകൾ തുറന്നു. ഒരു നിമിഷത്തേക്ക് മാത്രം. ഒരുപാട് കാലമായി അവൾ കാണാതിരുന്ന, അതിനാൽത്തന്നെ എങ്ങനെയുള്ളതാണെന്ന് അവൾ മറന്നുപോയിരുന്ന ഒന്ന്, ആ കണ്ണുകളിലുണ്ടായിരുന്നു: തിരിച്ചറിവിന്റെ, ഒരു മടങ്ങിവരവിന്റെ പ്രകാശം.

കുഞ്ഞുന്നാളിൽ അവൾ തൂങ്ങിയാടിയ, അമ്മയുടെ മരണശേഷം ഓരോ കാര്യത്തിനും അവൾക്ക് സഹായമായെത്തിയ, അവൾക്ക് നിരന്തരം കാർഡുകളും എഴുത്തുകളും അയച്ച, ആ കൈയിലേക്ക് അവൾ തന്റെ കൈ വെച്ചു. അപ്പോൾ അവശേഷിച്ചിരുന്ന അവസാനത്തെ കരുത്തും സംഭരിച്ച് അദ്ദേഹമത് മുറുകെ പിടിച്ചു.

അവൾ കസേര കിടക്കയോട് ചേർത്തുവലിച്ചിട്ടു. അദ്ദേഹത്തിനരികിലായി കിടക്കയിൽ തലവെച്ച്, അവൾ പതുക്കെ പിതാവിന്റെ മുടിയിഴകളിലൂടെ വിരലോടിച്ചുകൊണ്ടിരുന്നു. അവളുടെ ചെറുപ്പത്തിൽ അദ്ദേഹം ചെയ്യാറുണ്ടായിരുന്നതുപോലെ. അവളുടെ മനസിലേക്ക് ഓർമകൾ ഓരോന്നോരോന്നായി ഓടിയെത്തി. അപ്പോഴും ഒരു ജന്മം മുഴുവൻ കരുതിവെച്ച സ്നേഹവും വാത്സല്യവും ആ കരസ്പർശനത്തിലൂടെ അദ്ദേഹം

അവൾക്ക് കൊടുക്കുന്നുണ്ടായിരുന്നു. സമയം കടന്നുപോയി. ആ മുറി ശാന്തമായിരുന്നു.

ഏതോ ഒരു നിമിഷത്തിൽ, എപ്പോഴാണെന്ന് അവൾക്ക് പറയാനാകുമായിരുന്നില്ല. അവളെ മുറുകെ പിടിച്ചിരുന്ന ആ കൈകൾ അയഞ്ഞു, പിടിവിട്ടുപോയിരിക്കുന്നുവെന്ന കാര്യം ഒരു ഞെട്ടലോടെ അവൾ തിരിച്ചറിഞ്ഞു, അവൾ തലയുയർത്തി.

കിടന്നിരുന്നതുപോലെതന്നെ പിതാവ് കിടക്കുന്നു. വളരെ ശാന്തനായി, യാതൊരു തിരക്കുമില്ലാതെ, വെറുതെയൊന്ന് വിശ്രമിക്കാൻ തീരുമാനിച്ചതുപോലെ... അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ഒരു പുഞ്ചിരിയുണ്ടായിരുന്നു: ശാന്തമായ, പ്രകാശമാനമായ, തികച്ചും സമാധാനം നിറഞ്ഞ ഒരു പുഞ്ചിരി. ആ നീണ്ട ദാഹം അവസാനിച്ചിരുന്നു.

നസ്രായനായ യേശു ക്രൂശിക്കപ്പെട്ട ദിവസം, ഉച്ചതിരിഞ്ഞ നേരത്ത്, അവിടുന്ന് പറഞ്ഞു: 'എനിക്ക് ദാഹിക്കുന്നു' എന്ന്'. 'ദാഹിക്കുന്നവൻ എന്റെ അടുക്കൽ വരട്ടെ' എന്ന് വിളിച്ചുപറഞ്ഞവൻ, ജീവജലത്തിന്റെ നദികൾ വാഗ്ദാനം ചെയ്തവൻ, സ്വയം ദാഹം അനുഭവിക്കുവാൻ തീരുമാനിച്ചു. അതിലൂടെ വേദനനിറഞ്ഞതും വിശ്വസ്തതയോടെ സഹിച്ചതുമായ ഏതൊരു ആഗ്രഹവും, സ്വർഗ്ഗീയപിതാവിന്റെ കരങ്ങളിലെ അർത്ഥവത്തായ ഒന്നായി മാറ്റപ്പെടുവാൻ അവിടുന്ന് ഇടയാക്കി. അന്ന് ദാഹിച്ചവൻ ഇന്നും ജീവജലം നൽകുന്നുണ്ട്. ഒടുവിൽ അത് കുടിക്കാനായി തന്റെ അടുക്കൽ വരുന്നവർ തിരിച്ചറിയും, അവർക്ക് തിരികെ ലഭിക്കുന്നത്, അവർക്ക് നഷ്ടപ്പെട്ടതിനേക്കാളൊക്കെ എത്രയോ വലിയ കാര്യങ്ങളാണെന്ന്. ഈ ആത്മദാഹം നമ്മിൽ ജ്വലിക്കുന്നുണ്ടോ? •

## യഥാർത്ഥ ആത്മീയദാഹം

**ദൈ**വപൈതലിന്റെ ജീവിതത്തെ വേറിട്ടുനിർത്തുന്ന മഹത്തായ ഗുണങ്ങളിൽ ഒന്നാണ് ആത്മീയ ദാഹം. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയം സ്വർഗ്ഗീയമായ കാര്യങ്ങൾക്കായാണ് ദാഹിക്കുന്നത്. ആത്മാവിന്റെ ആഴങ്ങളിൽ നിന്നുയരുന്ന ദൈവസാന്നിധ്യത്തിനായുള്ള ദാഹം. ദൈവവചനം ആത്മാവിന്റെ പോഷണത്തിനാണ്. ശരീരത്തിന് ആഹാരം എത്ര ആവശ്യമാണോ അതിലേറെ അനിവാര്യമാണ് ആത്മാവിന് ദൈവവചനം. വചനത്താൽ പോഷണം ലഭിക്കുന്നവർക്ക് ആത്മീയശക്തിയും ദൈവികജ്ഞാനവും ലഭിക്കുന്നു. ദൈവം തന്റെ മക്കളോടു സംസാരിക്കുന്നത് പ്രധാനമായും വചനത്തിലൂടെയാണ്. അതുകൊണ്ട് ഒരു ദൈവപൈതൽ വചനപഠനത്തിനു ദാഹമുള്ളവനായിരിക്കും. പ്രാർത്ഥന ആത്മാവിന്റെ ശ്വാസമാണ്. പ്രാർത്ഥനയില്ലാത്ത ജീവിതം വരണ്ട നദിപോലെയാണ്. പ്രാർത്ഥനയിലൂടെ വിശ്വാസി ശക്തി പ്രാപിക്കുന്നു, ദു:ഖത്തിൽ ആശ്വാസവും, ബലഹീനതയിൽ കരുത്തും, ആശയക്കുഴപ്പത്തിൽ ദിശാബോധവും ദൈവം നൽകുന്നു. ഹൃദയം പകരുവാൻ ദാഹിക്കുന്ന മനസ്സാണ് ദൈവപൈതലിന്റെ അടയാളം. പ്രാർത്ഥന പിതാവിനോടുള്ള സ്നേഹസംഭാഷണമാണ്. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയം, വിശുദ്ധിയെ ആഗ്രഹിക്കും. ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള തീവ്രമായ ദാഹമാണ് വിശുദ്ധജീവിതത്തിന്റെ അടിസ്ഥാനം. ദൈവപൈതൽ ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിനായി ദാഹിക്കുന്നു. ദൈവസ്നേഹം ഉള്ളിൽ അടക്കാവതല്ല. നശിച്ചുപോകുന്ന ആത്മാക്കളെ ദൈവത്തിങ്കലേക്കു നയിക്കുവാനുള്ള ദാഹം അവന്റെ ഹൃദയത്തിൽ ജ്വലിച്ചുകൊണ്ടിരിക്കും. സുവിശേഷത്തിന്റെ വെളിച്ചം അനേകരുടെ ജീവിതത്തിലേക്കും അവരെ ക്രിസ്തുവിങ്കലേക്കും എത്തിക്കുവാൻ അവൻ ശ്രമിക്കും. തന്റെ ജീവിതംകൊണ്ടും വാക്കുകൾകൊണ്ടും സ്നേഹത്തിലൂടെയും ക്രിസ്തുവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുവാൻ ആഗ്രഹിക്കും. ഇതാണ് യഥാർത്ഥ ആത്മീയദാഹം.

# ഗാന പശ്ചാത്തലം

**എന്റെ ദൈവം സ്വർഗ്ഗസിംഹാസനം തന്നിൽ,**
**എന്നിൽ കനിഞ്ഞെന്നെ ഓർത്തിടുന്നു എന്ന ഗാനം**

മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ ജീവിതം അഗ്നിപരീക്ഷണങ്ങളാൽ നിറഞ്ഞതായിരുന്നു. ഈ കാലഘട്ടത്തിൽ രോഗപീഡയും ദാരിദ്ര്യവും മാനസിക തേങ്ങലുകളും മറ്റു പരീക്ഷകളും അദ്ദേഹത്തിന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ തകർത്തു. ദാരിദ്ര്യം വീട്ടിൽ തേർവാഴ്ച നടത്തി. ആ നാളുകളെ 'കണ്ണുനീരിന്റെ ദിവസങ്ങൾ' എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിട്ടുള്ളത്. പലവിധമായ സങ്കടങ്ങളോടുകൂടി താൻ തനിച്ചുപാർത്തു. തന്റെ ഒരു കുട്ടി മരിച്ചു, മറ്റൊരു കുട്ടി മരണാസന്നനായി. ആ കുട്ടി അമ്മയുടെ വീട്ടുകാരുടെ ശുശ്രൂഷയിൽ കിടക്കുന്നു. ഉപദേശിയുടെ ചെയ്തികൾ നിമിത്തം ആണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്ന് പലയാളുകളും അങ്ങിങ്ങായി അടക്കം പറഞ്ഞുകൊണ്ടിരുന്നു. ഉള്ളതെല്ലാം വിറ്റെങ്കിലേ കടം തീരൂ എന്ന് ചിലരും പറഞ്ഞിരുന്നു. ഉപദേശിയും ഉടനെ പട്ടുപോകും എന്നുവരെ ആളുകൾ പറയുവാൻ തുടങ്ങി. ഇങ്ങനെയൊക്കെ അദ്ദേഹത്തിന് സംഭവിച്ചല്ലോ എന്നോർത്ത് സങ്കടപ്പെടുന്നവരും ഉണ്ടായിരുന്നു.

ജീവിതം ഏതാണ്ട് ഏകാന്തതയുടെ തുരുത്തായി മാറിയിരുന്നു. ശാരീരികവും മാനസികവും സാമ്പത്തികവുമായ ക്ലേശങ്ങൾ അദ്ദേഹത്തെ തീവ്രമായി അലട്ടിക്കൊണ്ടിരുന്നു. ശരീരം ഒരുപാടു രോഗത്താൽ ബലഹീനമായതു തന്റെ മനോഭാരം വർദ്ധിക്കുവാൻ കാരണമായി. ബാഹ്യലോകവുമായി ഉണ്ടായിരുന്ന സമസ്ത ബന്ധങ്ങളും ഏറെക്കുറെ വിച്ഛേദിക്കപ്പെട്ടു എന്നുതന്നെ പറയാം. വെളിച്ചം അധികം കടന്നുചെല്ലാത്ത നിലവറയിൽ താൻ പാർത്തു. ഭാര്യയും മക്കളും അവരുടെ വീട്ടിലായിരുന്നു. ആരും സഹായത്തിന് ഇല്ല. പല പ്രിയപ്പെട്ടവരും സ്നേഹിതരും കണ്ടിട്ടും കാണാതെ കടന്നുപോയി. നാട്ടുകാരും വീട്ടുകാരും പരിഹാസത്തിന്റെ കൂരമ്പുകൾ തൊടുത്തുവിടുവാനും മറന്നില്ല. ദുസ്സഹമായ വേദനയും വിട്ടുമാറാത്ത ദു:ഖവും മനോഭാരവും കൂടപ്പിറപ്പുകളെന്നപോലെ അക്കാലത്ത്, തന്നെ അലട്ടിയിരുന്നു.

ജീവിതം അഗ്നിശോധനയിലൂടെ കടന്നുപോയ ആ നാളുകളിൽ, ചൊറി ബാധിച്ചതിനാൽ, ഉപദേശി രാവിലെ ഉദിച്ച വെയിൽ കാഞ്ഞുകൊണ്ടു തിണ്ണയിലിരുന്ന സമയം, അടുത്ത ബന്ധുക്കളിൽ ഒരാൾ വീടിന് മുമ്പിലൂടെ കടന്നുപോയി. ഉപദേശി, തന്നെ കാണാതിരിക്കുവാൻ കുടമറച്ചു പിടിച്ചു കടന്നുപോയി. ഏറെ ആവശ്യത്തിലും ഭാരത്തിലും രോഗത്തിലും ഏകാന്തതയിലും ആയിരുന്ന തന്നോട് ഈ വിധം പെരുമാറിയത് അദ്ദേഹത്തിന്റെ ഹൃദയത്തിന് താങ്ങാൻ ആകുമായിരുന്നില്ല. ഏറെ അടുപ്പമുള്ളവർ പോലും കണ്ടിട്ടും കാണാതെ പോയത് തന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു. അനുഭവിച്ച സകല വേദനകളെക്കാളും വലുതായി ഈ അവഗണനയും തിരസ്കരണവും തനിക്ക് അനുഭവപ്പെട്ടു. ഉപദേശിയുടെ മനസ്സ് വളരെ വേദനിച്ചു. അപ്പോൾ തന്റെ ഹൃദയത്തിൽ ദൈവം നൽകിയ വരികൾ, ഉടനെതന്നെ മുറിയിൽ കയറി പേനയെടുത്ത് എഴുതി. ഇന്നും ആയിരങ്ങൾ പാടി ആശ്വാസം പ്രാപിക്കുന്ന മനോഹരമായ പ്രത്യാശയുടെ വരികൾ ഈ ഗാനത്തിന്റെ ചരണങ്ങളാണ്.

ആരും സഹായമില്ല എല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാൽ എനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിൽ ഉല്ലാസമേ...

ഈ ഗാനത്തിന്റെ പശ്ചാത്തലം മനസ്സിലാക്കി ധ്യാനിച്ച് പാടുമ്പോൾ തീർച്ചയായും ആരും നിറകണ്ണുകളോടെ ദൈവത്തെ മഹത്വപ്പെടുത്തും എന്നുള്ളത് തർക്കമറ്റ സംഗതിയാണ്.



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# നാം ബുദ്ധിഹീനരാവുകയാണോ?

***സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കംപിടിച്ച് ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോട്: ഞങ്ങളുടെ വിളക്കു കെട്ടുപോകുന്നതുകൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്ന് ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യക്കു ചെന്നു; വാതിൽ അടയ്ക്കയും ചെയ്തു. അതിന്റെ ശേഷം മറ്റേ കന്യകമാരും വന്നു: കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിന് അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ (മത്തായി 25: 1 - 13)***

യേശുകർത്താവിന്റെ സ്വർഗ്ഗാരോഹണം മുതൽ അവിടുത്തെ മടങ്ങിവരവ് വരെയുള്ള കാലഘട്ടത്തിലെ ക്രിസ്തുശിഷ്യന്മാരെ പ്രതിനിധാനം ചെയ്യുന്നതാണ് സ്വർഗ്ഗരാജ്യം അഥവാ കർത്താവിന്റെ വിശുദ്ധസഭ. നാം ഓരോരുത്തരും ആണ് അതിൽ ഉൾപ്പെട്ടിരിക്കുന്നത്. കർത്താവിന്റെ മടങ്ങിവരവിനായി ഒരുങ്ങി ഇരിക്കേണ്ടതിന്റെ പ്രാധാന്യത വ്യക്തമാക്കുകയാണ് കർത്താവ് 10 കന്യകമാരുടെ ഉപമയിലൂടെ.

യേശുകർത്താവ് ഭൂമിയിൽ വന്ന കാലയളവിൽ യഹൂദന്മാരുടെ വിവാഹ ആഘോഷങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ഉപമ പറഞ്ഞിരിക്കുന്നത്. മണവാളൻ തനിക്കായി ഒരുങ്ങി ഇരിക്കുന്ന മണവാട്ടിയെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ വരുന്നു. അത് സാധാരണ രാത്രിസമയത്തും അപ്രതീക്ഷിതവും ആയിരിക്കും! മണവാളൻ വരുമ്പോൾ കത്തിച്ച ദീപങ്ങളുമായി മണവാട്ടിയുടെ തോഴിമാർ എതിരേൽക്കുകയും വിവാഹവിരുന്നിലേക്ക് ആനയിക്കുകയും ചെയ്യുന്നു. വിവാഹവിരുന്ന് പല ദിവസങ്ങൾ, ചിലപ്പോൾ ഒരാഴ്ച മുഴുവൻ നീണ്ടുനിൽക്കും.

യേശുകർത്താവ് തനിക്കും തന്റെ ശിഷ്യഗണത്തിനും അഥവാ സഭയ്ക്കും തമ്മിലുള്ള ബന്ധത്തെ വിവാഹബന്ധത്തോടു താരതമ്യം ചെയ്താണ് പറഞ്ഞിരിക്കുന്നത്. അപ്പോസ്തലനായ പൗലോസ് ഇപ്രകാരം തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നു. 'ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷനു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു'(2 കൊരിന്ത്യർ 11: 2). മണവാട്ടി നിർമ്മലകന്യകയായി തന്റെ മണവാളനു വേണ്ടി കാത്തിരിക്കുന്നതുപോലെ, സഭ കർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കണം. തന്റെ വിശുദ്ധസഭയ്ക്കായി പിതാവിന്റെ ഭവനത്തിൽ, അവിടുന്ന് ഒരുക്കിയിരിക്കുന്ന ഇടത്തേക്ക്, അവർ തന്നോടൊപ്പം ഇരിക്കേണ്ടതിനായി കൂട്ടിക്കൊണ്ടു പോകുവാൻ കർത്താവ് വരുന്നു.

മനുഷ്യന്റെ ഭൂമിയിലെ ബന്ധങ്ങളിൽ ഏറ്റവും ഗാഢമായ ആത്മബന്ധമാണ് വിവാഹബന്ധം. പുരുഷൻ, സ്ത്രീയെ ബോധപൂർവ്വം പൂർണ്ണമനസ്സോടെ അംഗീകരിച്ച് മരണംവരെ ഒന്നായി ജീവിക്കുവാൻ തിരഞ്ഞെടുക്കുന്നതാണ് വിവാഹം. മരണം കൊണ്ട് മാത്രമാണ് വിവാഹബന്ധം വേർപിരിയുന്നത്. വിവാഹാനന്തരം ഒരാൾ മറ്റേ ആളിന്റെ സ്വന്തമാണ്. ഭർത്താവിനുള്ള സകലത്തിന്റെയും അവകാശം ജീവിത പങ്കാളിക്ക് ലഭ്യമാവുകയാണ്. ഇതുപോലെ നിത്യതയിൽ നിലനിൽക്കുന്ന ബന്ധം 'ദൈവം നമ്മുടെ പിതാവും നാം അവിടുത്തെ മക്കളും' എന്നതാണ്. യേശുവിനെ നാം നമുക്ക് എല്ലാമെല്ലാമായി അവകാശമാക്കും. കർത്താവിനുള്ളതിനെല്ലാം അവകാശികളായി നാം മാറും. ഈ മർമ്മമാണ് കർത്താവ് മണവാളനും, സഭ മണവാട്ടിയും എന്ന ഉദാഹരണത്തിൽ കൂടി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്.

കർത്താവിന്റെ മടങ്ങിവരവിൽ നാം ഒരുങ്ങിയിരിക്കേണ്ടത് എത്ര ജാഗ്രതയോടെ ആയിരിക്കണമെന്ന് കർത്താവ് 10 കന്യകമാരുടെ ഉപമയിലൂടെ നമ്മെ പ്രബോധിപ്പിക്കുന്നു. 10 കന്യകമാരും മണവാട്ടിയുടെ തോഴിമാരായി(Brides maids)തിരഞ്ഞെടുക്കപ്പെട്ടവരാണ്. മണവാളൻ വരും എന്നും മണവാളനെ വിളക്കെടുത്തുകൊണ്ട് എതിരേൽക്കുക എന്നത് തങ്ങളുടെ ദൗത്യം ആണെന്നും ഈ 10 പേർക്കും അറിയാം. വിളക്ക് കത്തുവാൻ എണ്ണ

**യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും ഒക്കെ കാണുമ്പോൾ കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ വർദ്ധിക്കാറുണ്ട്. എന്നാൽ എത്രപേർ കർത്താവിന്റെ വരവിനെക്കുറിച്ച് ഗൗരവവും ആത്മാർത്ഥവും ആയി ചിന്തിക്കുന്നുണ്ട്?**

വേണമെന്നതും അവർക്ക് നന്നായി അറിയാം. കാര്യങ്ങൾ അറിയാത്തതല്ല, മറിച്ച്, അത് ഗൗരവത്തോടെ എടുത്തില്ല എന്നതാണ് ബുദ്ധിയില്ലാത്ത അഞ്ചുപേരുടെ ഭോഷത്വമായി പറയുന്നത്.

കർത്താവു മടങ്ങിവരും എന്നത് എല്ലാ ക്രൈസ്തവസഭകളും വിശ്വസിക്കുന്നു. ഇത് പുരാതന ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാനഭാഗമാണ്. യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും ഒക്കെ കാണുമ്പോൾ കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പ്രസംഗങ്ങൾ വർദ്ധിക്കാറുണ്ട്. എന്നാൽ എത്രപേർ കർത്താവിന്റെ വരവിനെക്കുറിച്ച് ഗൗരവവും ആത്മാർത്ഥവും ആയി ചിന്തിക്കുന്നുണ്ട്? എത്രപേർ കർത്താവ് വരണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ട്? കർത്താവ് വരും എന്ന് പൂർണമായും വിശ്വസിച്ച് എത്ര പേർ ഒരുങ്ങുന്നുണ്ട്? വാസ്തവമായും കർത്താവു മടങ്ങിവരും എന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവർ കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കും നിശ്ചയം. തങ്ങൾ കൈവിടപ്പെടുവാൻ ആരും ആഗ്രഹിക്കുന്നില്ലല്ലോ!

പത്ത് കന്യകമാരെ, ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരും എന്ന് രണ്ടായി തരം തിരിച്ചിരിക്കുന്നു. ബുദ്ധിയില്ലാത്തവർ വിളക്കെടുത്തു, പക്ഷേ പാത്രത്തിൽ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവർ വിളക്കോടുകൂടി പാത്രത്തിൽ എണ്ണയും എടുത്തു. ബുദ്ധിയില്ലാത്തവർ ചിന്തിച്ചത് അവരാണ് ബുദ്ധിയുള്ളവർ എന്നാണ്. വിളക്കിലുള്ള എണ്ണ ധാരാളം മതി, കൂടുതൽ കരുതുന്നത് ബുദ്ധിശൂന്യതയായും അധികപ്പറ്റായും അവർക്ക് തോന്നിയിരിക്കണം. എന്നാൽ ബുദ്ധിയുള്ളവർ ചിന്തിച്ചു. എണ്ണ തീർന്നു പോയേക്കാം, എണ്ണയുടെ കുറവ് ഉണ്ടാകാൻ

പാടില്ല. തക്കസമയത്ത് എണ്ണയില്ലാതെ വന്നാൽ തങ്ങളുടെ ഒരുക്കങ്ങൾ എല്ലാം വ്യർത്ഥമാകും. തങ്ങൾക്ക് ദൗത്യം പൂർത്തീകരിക്കുവാൻ കഴിയാതെ പുറന്തള്ളപ്പെട്ടേക്കാം. അതുകൊണ്ട് എണ്ണ അല്പം കൂടുതൽതന്നെ കരുതാം. അവർ ചിന്തിച്ചത് ശരിയായിരുന്നു. പാത്രത്തിൽ കൂടുതൽ എണ്ണ കരുതിയ അവർ ബുദ്ധിമതികളായി. മാത്രവുമല്ല ബുദ്ധിയില്ലാത്തവർ എണ്ണ ചോദിച്ചപ്പോൾ അവർക്കു മനസ്സിലായി, കൊടുത്താൽ അത് വലിയ കെണിയാകും, അവർക്കും തങ്ങൾക്കും എണ്ണ തികയാതെ വന്നേക്കാം, രണ്ടു കൂട്ടരും പരാജയപ്പെടും. അതുകൊണ്ട് അവർ ബുദ്ധിയില്ലാത്തവരുടെ ബുദ്ധിയില്ലാത്ത ആലോചന നിരസിച്ചു കളഞ്ഞു. അവർ മണവാളനെ എതിരേൽക്കുക എന്ന ദൗത്യം വിജയകരമായി പൂർത്തീകരിച്ച് മണവാളനോടൊപ്പം വിരുന്നുശാലയിൽ കടന്നു.

ഗൗരവബോധവും യാഥാർത്ഥ്യബോധവും വളരെ അത്യാവശ്യമാണ്. ലോകത്തോട് സമരസപ്പെട്ട് അതിന്റെ തിരക്കുകളിൽ നാം ഒഴുകിയാൽ വലിയ നഷ്ടമാകും. ബുദ്ധിയില്ലാത്ത കന്യകമാർക്ക് തുല്യരായിത്തീരുവാനുള്ള സാധ്യത ഒരു അപകടസൂചനയായി നമ്മുടെ മുമ്പിലുണ്ട്. ബാഹ്യവീക്ഷണത്തിൽ കന്യകമാർ പത്തുപേരും ഒരുങ്ങി ഇരിക്കുന്നവരാണ്. നന്നായി ഡ്രസ്സ് ചെയ്തു, മുടി അലങ്കരിച്ചു, അങ്ങനെ എല്ലാ നിലയിലും ഒരുങ്ങിയിരിക്കുന്നു, വിളക്കും ഉണ്ടായിരുന്നു, പുറമേ എല്ലാം ഭംഗിയായിരുന്നു. പക്ഷേ, വിളക്കിനുള്ളിലെ എണ്ണ അവർ ഗൗരവമായി പരിഗണിച്ചില്ല. ഇന്ന് നമുക്കും സംഭവിക്കാവുന്ന അബദ്ധം ഇതുതന്നെയാണ്. പുറമേ ഭക്തിയുടെ വേഷം ഉണ്ട്, എന്നാൽ ഹൃദയത്തിൽ കർത്താവിനോടുള്ള സ്നേഹം കുറയുന്നു, ഏകാഗ്രതയും നിർമ്മലതയും നഷ്ടപ്പെടുന്നു, ഇതൊന്നും ഗൗരവമായി കാണാതെ, പരിഹാരം വരുത്താതെ, ലോകത്തിന്റെ തിരക്കുകളിൽ എല്ലാം നന്നായിരിക്കുന്നു എന്ന ചിന്തയിൽ ഒഴുകുകയാണ്. നമ്മുടെ മനസാക്ഷിയോട് ചോദിക്കൂ... നാം ബുദ്ധിഹീനരാവുകയാണോ?

കൈവിടപ്പെട്ടപ്പോഴാണ് ബുദ്ധിഹീനർക്ക് അവരുടെ ഭോഷത്വം മനസ്സിലായത്. പക്ഷേ വളരെ വൈകിപ്പോയില്ലേ? ലാസറിന്റെയും ധനവാന്റെയും സംഭവത്തിൽ യാതനാസ്ഥലത്ത് എത്തിയപ്പോഴാണല്ലോ ധനവാന് താൻ മാനസാന്തരപ്പെടാത്തതിന്റെ ഭോഷത്വം മനസ്സിലായത്! നമ്മിൽ ആർക്കും

**ലോകത്തോട് സമരസപ്പെട്ട് അതിന്റെ തിരക്കുകളിൽ നാം ഒഴുകിയാൽ വലിയ നഷ്ടമാകും. ബുദ്ധിയില്ലാത്ത കന്യകമാർക്ക് തുല്യരായിത്തീരുവാനുള്ള സാധ്യത ഒരു അപകട സൂചനയായി നമ്മുടെ മുമ്പിലുണ്ട്.**

ഇങ്ങനെ സംഭവിക്കാതിരിക്കേണ്ടതിനുവേണ്ടി, ബുദ്ധിയുപദേശത്തിനാണ് കർത്താവ് ഈ ദൃഷ്ടാന്തങ്ങൾ എല്ലാം പറഞ്ഞിരിക്കുന്നത്. ഈ ഭാഗങ്ങൾ വായിക്കുമ്പോൾ നാം സ്വയശോധന ചെയ്യാറുണ്ടോ? അതോ, വെറുതെ വായിക്കുക മാത്രമോ?

എന്താണ് ഈ ദൃഷ്ടാന്തത്തിലൂടെ കർത്താവ് നമുക്ക് നൽകുന്ന മുഖ്യസന്ദേശം? 'ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ' (മത്തായി 25: 13). 'ഉണർന്നിരിക്കുക' എന്നാൽ ജാഗ്രതയുള്ളവരായി ബുദ്ധിയോടെ പ്രവർത്തിക്കുന്നവർ ആയിരിക്കുക എന്നാണർത്ഥം. ബുദ്ധിഹീനരും ബുദ്ധിമതികളും ഒരുപോലെ മയങ്ങി, ഉറക്കത്തിലേക്ക് വഴുതി വീണിരുന്നു. എന്നാൽ പാത്രത്തിൽ എണ്ണ നിറച്ചിരുന്നവർ ഉണർന്നിരുന്നവരായിരുന്നു, എണ്ണ കരുതാത്തവർ ഒരുങ്ങാത്തവരും...

യഥാർത്ഥമായും ഉണർന്നിരിക്കുന്നവർ കർത്താവിനോടുള്ള സ്നേഹം നഷ്ടപ്പെടാതെ, കർത്താവിന്റെ സ്നേഹം അനുഭവിച്ച് ഏകാഗ്രതയോടും നിർമ്മലതയോടും കർത്താവിനെ സേവിക്കുന്നവർ ആയിരിക്കും. വെളിപ്പാട് പുസ്തകത്തിൽ എഫെസോസിലെ സഭയോട് നാഥൻ അരുളിച്ചെയ്തത് ഇവിടെ നാം ചിന്തിക്കുന്നതിനോട് യോജിക്കുന്നു. 'എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറയാനുണ്ട്. നീ ഏതിൽ നിന്നും വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും' (വെളിപ്പാട് 2: 4, 5). ക്രിസ്തീയജീവിതത്തിൽ സൂക്ഷ്മത വളരെ അത്യാവശ്യമാണ്. അതുതന്നെയാണ് ഉണർന്നിരിക്കുക എന്നത്.

•

ജീവനോടെയിരിക്കയില്ല' (പുറപ്പാട് 33:20) എന്നാണ് ദൈവം മോശെയോടു പറയുന്നത്.

ദമസ്കൊസിന്റെ പടിവാതിൽക്കൽ ശൗലിനുണ്ടായ ദൈവാനുഭവത്തെ (അപ്പൊസ്തല പ്രവൃത്തികൾ 9:3)പ്പറ്റി വോൺ കാർലൊസ് ഓർട്ടിസ് പറയുന്നത് ഇങ്ങനെയാണ്: 'സ്വർഗ്ഗം ഒരു സെക്കന്റുനേരത്തേക്ക് ശൗലിനു നേരെ തുറന്നു വെച്ചു... അവൻ കുതിരപ്പുറത്തു നിന്നു താഴെവീണു... അവൻ അന്ധനായിപ്പോയി! ഒരു സെക്കന്റു നേരത്തേക്കുകൂടെ സ്വർഗ്ഗം അവന്റെ നേരെ തുറന്നുവെച്ചിരുന്നെങ്കിൽ ശൗൽ എപ്പോഴേ കത്തിച്ചാമ്പലായിപ്പോയേനേ'.

യേശുവിനെ ഇത്രയെങ്കിലും മഹത്ത്വത്തോടെ യോഹന്നാനു കാണാൻ കഴിഞ്ഞത്, താൻ ആത്മാവിൽ (ആത്മവിവശത- in the spirit) ആയിരുന്നതിനാലാണെന്നു ഞാൻ ചിന്തിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശു മാത്രമല്ല, തന്റെ ശരീരധാരണം തന്നെ ദൈവത്തിനു നമ്മോടുള്ള മഹാകാരുണ്യമാണ്. യേശുവിനെ അന്നു കണ്ണുകൊണ്ടു കണ്ടവരൊന്നും യേശു ഇത്ര മഹാൻ എന്നു തിരിച്ചറിഞ്ഞിരുന്നില്ല. പുരുഷാരം മാത്രമല്ല ശിഷ്യന്മാരും. യേശുവിന്റെ മാർവ്വിൽ ചാരിയിരുന്ന യോഹന്നാനോ, യേശുവിനു ജന്മംകൊടുത്ത മറിയയോ യേശുവിന്റെ മഹിമയെ വേണ്ടരീതിയിൽ അറിഞ്ഞിരുന്നില്ല എന്നുവേണം കരുതാൻ. മാർക്ക് ലൗറിയുടെ Mary did you know എന്ന ഗാനത്തിന്റെ പൊരുൾ ഈ മർമ്മമാണ്. 'മേരി, നിന്റെ കൈയിലിരിക്കുന്ന ഈ കുഞ്ഞ് ഒരിക്കൽ വെള്ളത്തിന്മീതെ നടക്കുമെന്ന്, നമ്മുടെ പുത്രന്മാരെയും പുത്രിമാരെയും രക്ഷിക്കുമെന്ന് നീ അറിഞ്ഞിരുന്നോ? നിന്റെ ഓമനപ്പൈതൽ നിന്നെത്തന്നെ രൂപാന്തരപ്പെടുത്താൻ വന്നുവെന്ന്- നീ പ്രസവിച്ച കുഞ്ഞ് നിന്നെ വീണ്ടെടുക്കുമെന്ന് നീ അറിഞ്ഞിരുന്നുവോ?' (Mary did you know... the child that you deliver will soon deliver you) എന്നു പറഞ്ഞിട്ട് ലൗറി ചോദിക്കുന്നു... 'നീ നിന്റെ കുഞ്ഞിന് ഉമ്മ കൊടുത്തപ്പോൾ ദൈവത്തിന്റെ മുഖത്തെയാണ് നീ ചുംബിച്ചതെന്ന് നീ അറിഞ്ഞോ?' (When you kissed your little baby, you have kissed the face of God).

ലൗറി ഗാനം അവസാനിപ്പിക്കുന്നത് മഹത്തായ ഒരു ചോദ്യത്തോടെയാണ്: 'നിന്റെ കൈയിലിരുന്നുറങ്ങുന്ന ഈ കുഞ്ഞു പൈതൽ' 'ഞാൻ ആകുന്നവൻ' എന്ന മഹാദൈവമാണെന്ന് നീ അറിഞ്ഞിരുന്നോ? Did you know ... the sleeping child you are holding is the Great I AM ?).

ശരീരത്തിൽ വെളിപ്പെട്ട യേശുവും ആത്മാവാകുന്ന കർത്താവും (2 കൊരിന്ത്യർ 3:17) ഒന്നുതന്നെ. എന്നാൽ രണ്ടു വെളിപ്പാടാണ്... ശരീരത്തിൽ വെളിപ്പെട്ട യേശുവിനെ - പലസ്തീന്റെ മണ്ണിലൂടെ നടന്നുനീങ്ങിയ യേശുവിനെ അതുവഴി നടന്നുപോയ ആർക്കും കാണാമായിരുന്നു. അവന്റെ ശിഷ്യന്മാർ മാത്രമല്ല അവനെ കണ്ടത്. പുരുഷാരം അവനെ കണ്ടു; ചുങ്കക്കാരും പാപികളും അവനെ കണ്ടു. അവന്റെ എതിരാളികളും അവിശ്വാസികളുമായ മഹാപുരോഹിതന്മാരും പള്ളിപ്രമാണിമാരും അവനെ കണ്ടു... എന്തിന്? റോമൻ പടയാളികൾ അവനെ കണ്ടു; കടന്നുപോകുന്നവർ അവനെ കണ്ടു... കാരണം, അവൻ ശരീരം ധരിച്ച ദൈവമായിരുന്നു. ആളുകൾക്കു കാണാനും തൊടാനും മാത്രമല്ല പിടിച്ചുകെട്ടാനും കരണത്തടിക്കാനും മുഖത്തു തുപ്പാനും ചാട്ടവാറിനടിക്കാനും ക്രൂശിക്കപ്പെടുവാനുമൊക്കെയായി അവൻ നിന്നുകൊടുത്തു.

എന്നാലിപ്പോൾ യേശു ശരീരത്തിലല്ല... അവൻ ആത്മാവാണ്. ആത്മാവാകുന്ന കർത്താവിനെ നമുക്ക് ആത്മാവിലേ കാണാൻ പറ്റൂ. എന്നാൽ മഹിമയിൽ വാഴുന്ന കർത്താവിനെ ആത്മാവിൽ കാണുമ്പോൾ നമുക്കവനെ കെട്ടിപ്പിടിക്കാനല്ല തോന്നുന്നത്- കവിണ്ണുവീണ് ആരാധിക്കാനാണ്. പിന്നെ അവന്റെ സന്നിധിയിൽ എഴുന്നേറ്റു നിൽക്കണമെങ്കിൽ അവൻ പിടിച്ചെഴുന്നേൽപ്പിക്കണം. "അവൻ വലങ്കൈ എന്റെ മേൽ വെച്ചു: ഭയപ്പെടേണ്ട ഞാൻ ആദ്യനും അന്ത്യനും ആകുന്നു'' (വെളിപ്പാട് 1:17). ശരീരത്തിൽ വെളിപ്പെട്ട യേശുവും ആത്മാവാകുന്ന കർത്താവും ഈ രണ്ടു വെളിപ്പാടുകളും നമുക്ക് അനിവാര്യമാണ്. 'ആകയാൽ ഞങ്ങൾ ഇന്നു മുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല. ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞുവെങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല' (2 കൊരിന്ത്യർ 5:16) എന്നു പൗലോസ് പറയുന്നു.

ക്രിസ്തുവിനെ ജഡപ്രകാരം അറിയണം; ആത്മാവായും അറിയണം. ഈ രണ്ടു ദർശനവും

ഒരുമിച്ചു പോകുമ്പോഴാണ് വെളിപ്പാടു പൂർണ്ണമാകുന്നത്. നമ്മളൊക്കെ യേശുവിനെ ആദ്യം അറിഞ്ഞത് 'ശരീരത്തിൽ വെളിപ്പെട്ട' യേശുവായാണ്. സൗഖ്യം നൽകുന്ന യേശു, പ്രതിസന്ധികളിൽ തോളത്തു തട്ടി സാന്ത്വനം പകർന്ന യേശു, നമ്മോടുകൂടെ കരയാൻ കല്ലറയുടെ അടുത്തേക്ക് ഇറങ്ങിവന്ന യേശു... കൊള്ളാം... ഈ യേശുവിനെ എനിക്ക് കെട്ടിപ്പിടിക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. എന്നാൽ യേശുവിന്റെ സ്നേഹം മാത്രം അറിഞ്ഞിരുന്ന ഞാൻ ആത്മവിവശതയിൽ അവിടുത്തെ മഹത്വം കണ്ടപ്പോൾ ഞെട്ടിപ്പോയി. ഞാൻ മരിച്ചവനെപ്പോലെയായി. ഈ യേശുവിനെത്തന്നെയാണല്ലോ ഞാൻ കെട്ടിപ്പിടിച്ചത്.

അവന്റെ മഹിമയുടെ മുമ്പിൽ ഞാൻ മരിച്ചവനെപ്പോലെയായി. അവന്റെ മുമ്പിൽ കവിണ്ണുവീണു സാഷ്ടാംഗപ്രണാമമർപ്പിക്കാനേ എനിക്കു കഴിയുമായിരുന്നുള്ളൂ. ഇത്ര മഹാനായ ദൈവമാണല്ലോ ഇത്ര ചെറിയവനായ എന്റെ ലോകത്തിലേക്ക് ഇറങ്ങിവന്നത് എന്നറിഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞുകൊണ്ട് അവന്റെ പാദങ്ങൾ ചുംബിക്കാനേ എനിക്കു കഴിയുമായിരുന്നുള്ളൂ.

യേശുവേ, എന്റെ യേശുവേ...

നിന്റെ മഹിമ ഞാൻ അറിഞ്ഞിരുന്നില്ല.

നിന്റെ മുമ്പിൽ നിവിർന്നു നിൽക്കാൻ ധൈര്യപ്പെട്ടത് എന്നോടു ക്ഷമിക്കണമേ.

അവിടുത്തെ വലങ്കൈ എന്റെ തോളിൽ സ്പർശിക്കുന്നതു ഞാൻ തിരിച്ചറിഞ്ഞു. അല്പം മുമ്പ് ഞാൻ കേട്ടത് കാഹളത്തിനൊത്ത ഒരു മഹാനാദം ആയിരുന്നെങ്കിൽ, അത് പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ ആയിരുന്നെങ്കിൽ, മാധുര്യമൂറുന്ന ഒരു ഇമ്പസ്വരമായി ഇപ്പോഴത് എന്റെ കാതിൽ കേട്ടു: 'ഭയപ്പെടേണ്ട'.

ഞാൻ മുഖമുയർത്തി നോക്കി... അവൻ പുഞ്ചിരിക്കുന്നു... വേണമെങ്കിൽ എനിക്കവനെ കെട്ടിപ്പിടിക്കാം. നേരത്തെയെന്നപോലെ അവന്റെ മഹിമ അറിയാതെയല്ല, ആത്മദർശനത്താൽ അവന്റെ മഹിമയറിഞ്ഞ്... •

---

# യോഗ്യനല്ല ഞാൻ യേശുവേ...

വളരെ നീചമായും മോശമായും ബഹുമാനമില്ലാതെയും കാപട്യത്തോടും ജീവിച്ച എനിക്ക് യേശുവിന്റെ മുമ്പിൽ നിൽക്കുവാൻ കഴിയുമോ? അവിടുന്ന് എന്നോട് ക്ഷമിക്കുമോ? എന്നെ കൈക്കൊള്ളുമോ? എന്നൊക്കെ വേവലാതിപ്പെട്ട സന്ദർഭങ്ങളുണ്ട്. അവിടുത്തെ അത്യന്ത ശക്തി, അതുല്യസ്നേഹം, മനസ്സലിവ്, ദീർഘക്ഷമ എന്നിവയുടെ പൊരുൾ ഗ്രഹിച്ചപ്പോൾ ദൈവസ്നേഹത്തിന്റെ ആഴം എനിക്ക് ഗ്രഹിക്കവതല്ല എന്ന് മനസ്സിലാക്കി. ഹീനമായ എന്റെ പാപങ്ങളെ ക്ഷമിച്ച് ശുദ്ധീകരിച്ച് തന്നോടൊപ്പം ഇരുത്തുവാൻ പ്രസാദിച്ചത് എനിക്ക് തികച്ചും അവിശ്വസനീയമായിരുന്നു. ഇപ്പോൾ ഞാൻ എന്റെ കർത്താവിനോടു അങ്ങേയറ്റം നന്ദിയും സ്നേഹവും ഉള്ളവനാണ്. ഇത്ര വലിയ സൗഭാഗ്യത്തിന് എനിക്ക് എന്തർഹതയാണ് ഉണ്ടായിരുന്നത്? അതെ, തന്റെ സ്നേഹത്തിന്റെ ആഴവും, നമ്മുടെ സ്നേഹത്തിന്റെ ആഴമില്ലായ്മയും കാണുമ്പോൾ ആരുടെയും ഹൃദയം തകർന്നുപോകും നിശ്ചയം...

### പ്രത്യേക പരിഗണനയ്ക്ക്

*തികച്ചും അപ്രതീക്ഷിതമായി തപാൽ കൺസെഷൻ ലഭ്യമല്ലാതെ വന്നപ്പോൾ തപാൽച്ചിലവ് പതിനാറിരട്ടിയായി വർദ്ധിച്ചു. കൂടാതെ അനുബന്ധചിലവുകളെല്ലാം വർദ്ധിച്ചത് ഞങ്ങളുടെ സാമ്പത്തികഭാരവും വർദ്ധിപ്പിച്ചു. ഈയവസരത്തിൽ അതിന്റെ ഒരംശം മാത്രം പ്രിയവരിക്കാരിലേക്കു പങ്കുവയ്ക്കുവാൻ ഞങ്ങൾ നിർബന്ധിതരായി. തത്ഫലമായി മാസികയുടെ വരിസംഖ്യ 2026 ജനുവരി തുടങ്ങി **പ്രതിവർഷം 350 രൂപയാക്കി** വർദ്ധിപ്പിക്കേണ്ടി വന്നു. ഇത്രയും വർധിപ്പിച്ചാൽ തന്നെ മുഴുവൻ ചിലവുകളും വഹിക്കുവാൻ അത് പര്യാപ്തവുമല്ല.*

*'ആളെ അറിയില്ല' എന്ന് രേഖപ്പെടുത്തി മാസികകൾ തിരികെവരുന്നുണ്ട്. ഒരു പോസ്റ്റ് ഓഫീസ് പരിധിയിൽ സ്വന്തവീട്ടിലായാലും വാടകയ്ക്കായാലും താമസം ആരംഭിക്കുമ്പോൾ പോസ്റ്റ് മാസ്റ്റർക്ക് നമ്മുടെ പേരും അഡ്രസ്സും ചില അയൽമേൽവിലാസങ്ങൾക്കൊപ്പം രേഖാമൂലം നൽകണം. എങ്കിൽ അവർക്കു പരിചയമില്ലാത്ത ആളുകളെ കണ്ടെത്താൻ എളുപ്പമായിരിക്കും.*

# ജാഗ്രതയുടെ കാലം

ലഹരി, ജീവിതത്തെ നശിപ്പിക്കുന്നു എന്ന മുന്നറിയിപ്പ് ഇന്ന് ഒരു മുദ്രാവാക്യം മാത്രമല്ല; ലോകമെമ്പാടുമുള്ള രാജ്യങ്ങളുടെയും ജനതതികളുടെയും കുടുംബങ്ങളുടെയും വേദനയായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് നഗരങ്ങളിൽ മാത്രം കേട്ടിരുന്ന മയക്കുമരുന്ന് ഉപയോഗം ഇന്ന് ഗ്രാമങ്ങളിലേക്കും അപകടകരമാംവണ്ണം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 2026 ജൂൺമാസം കേരളത്തിൽ നടന്ന മയക്കുമരുന്നിനെതിരായ ശക്തമായ നടപടികൾ ജനപിന്തുണ നേടുകയും വലിയ ചർച്ചകൾക്ക് വഴിവെക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പോലീസ്, എക്സൈസ്, നാർക്കോട്ടിക് വിഭാഗങ്ങൾ ചേർന്ന് വ്യാപക പരിശോധനകൾ നടത്തി. സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരിശോധനകൾ ശക്തമാക്കി. വൻതോതിൽ ലഹരിവസ്തുക്കൾ പിടിച്ചെടുക്കുകയും നിരവധി കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഈ നടപടികൾ സമൂഹത്തിന് ശക്തമായ സന്ദേശമാണ് നൽകിയത്.

ഇന്നത്തെ യുവതലമുറയെയാണ് ലഹരിക്കച്ചവടക്കാർ ഏറ്റവും കൂടുതൽ ലക്ഷ്യമാക്കുന്നത്. ഒരുപ്രാവശ്യം പരീക്ഷിച്ചു നോക്കാം എന്ന കൗതുകത്തിൽ ആരംഭിക്കുന്നത് പിന്നീട് ജീവിതത്തെ തകർക്കുന്ന അടിമത്തത്തിലേക്ക് നയിക്കുന്നു. മയക്കുമരുന്ന് ശരീരത്തെ മാത്രം അല്ല, മനുഷ്യന്റെ ചിന്തയെയും മനസ്സിനെയും കുടുംബബന്ധങ്ങളെയും ഭാവിയെയും നശിപ്പിക്കുന്നു. പഠനം ഉപേക്ഷിക്കൽ, കുറ്റകൃത്യങ്ങളിലേക്ക് വഴുതിവീഴൽ, മാനസിക അസ്വസ്ഥതകൾ, കുടുംബകലഹങ്ങൾ, ആത്മഹത്യാശ്രമങ്ങൾ ഇവയൊക്കെ ലഹരിയുടെ അനന്തര ഫലങ്ങളായി സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ മാതാപിതാക്കൾ വലിയ ആശങ്കയിലാണ്. എന്റെ മകൻ സുരക്ഷിതനാണോ? എന്റെ മകൾ തെറ്റായ കൂട്ടുകെട്ടിൽപ്പെട്ടിട്ടുണ്ടോ? എന്ന ചോദ്യങ്ങൾ അനേകം കുടുംബങ്ങളെ അലട്ടുന്നു. ലഹരി വ്യാപാരികൾ സമൂഹത്തിന്റെ ദുർബലവിഭാഗങ്ങളെയാണ് ആദ്യം ലക്ഷ്യമിടുന്നത്. സൗഹൃദത്തിന്റെയും ആഘോഷങ്ങളുടെയും പേരിൽ സമൂഹമാധ്യമങ്ങളിലൂടെ യുവാക്കളെ കുടുക്കാനുള്ള ശ്രമങ്ങൾ വർദ്ധിച്ചുവരുന്നു.

ഈ സാഹചര്യത്തിൽ കുടുംബങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. ഭവിഷ്യത്തുകളുടെ ബോധവത്ക്കരണവും, കുട്ടികളുമായി തുറന്ന ആശയവിനിമയവും, അവരുടെ സുഹൃത്ബന്ധങ്ങൾ ശ്രദ്ധിക്കുകയും, മാനസിക പിന്തുണ നൽകുകയും മാതാപിതാക്കളുടെ പ്രധാന ഉത്തരവാദിത്തങ്ങളാണ്. അതുപോലെ സ്കൂളുകളും കോളേജുകളും മൂല്യബോധം വളർത്തുന്ന ഇടങ്ങളായും മാറേണ്ടതുണ്ട്. അധ്യാപകർ, വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യത്യാസങ്ങൾ ശ്രദ്ധിക്കുകയും ആവശ്യമായ ഇടപെടലുകൾ തക്കസമയത്ത് നടത്തുകയും വേണം. സമസ്തമേഖലയിലും ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ട കാലമാണിത്. മനുഷ്യജീവിതത്തെ നശിപ്പിക്കുന്ന എല്ലാ ശക്തികളിൽ നിന്നും രക്ഷപ്പെടാൻ ആത്മീയബോധവും ദൈവഭയവും അനിവാര്യമാണ്.

ജാഗ്രത നഷ്ടപ്പെടുന്നിടത്താണ് വീഴ്ച ആരംഭിക്കുന്നത്. അതുകൊണ്ട് സമൂഹം മുഴുവനും ഒരുമിച്ചു നിൽക്കുന്ന പ്രതിരോധം ഇന്നാവശ്യമാണ്. സർക്കാർ നടപടികൾ മാത്രം മതി എന്നല്ല; കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സഭ, മാധ്യമങ്ങൾ, യുവജനപ്രസ്ഥാനങ്ങൾ തുടങ്ങി മൂല്യബോധമുള്ള എല്ലാവരും കൈകോർക്കണം. മയക്കുമരുന്നിനെതിരായ പോരാട്ടം നിയമ നടപടി മാത്രമല്ല; അത് തലമുറയെ രക്ഷിക്കുന്ന ഒരു വലിയ ദൗത്യമാണ്. ഇന്നത്തെ യുവതലമുറയെ സംരക്ഷിക്കാനായാൽ നാളെകളിൽ തലമുറകളെ സംരക്ഷിക്കാനാകും. അതിനാൽ ഓരോ വ്യക്തിയും ജാഗ്രത പുലർത്തുകയും 'ലഹരിമുക്തസമൂഹം' എന്ന ലക്ഷ്യത്തിലേക്ക് കൈകോർക്കുകയും ചെയ്യേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

# ശിക്ഷണത്തിലൂടെ വിശുദ്ധികരണം

തിരുത്തലുകളും ശിക്ഷണവും ഇഷ്ടപ്പെടാത്തവരാണ് നമ്മിൽ ഏറെയും. ദൈവീക ശാസനയുടെയും ശിക്ഷണത്തിന്റെയും അകപ്പൊരുൾ അറിയാൻ നാം ശ്രമിക്കേണ്ടതുണ്ട്. ദൈവത്തിന്റെ സ്വന്തജനമായ ഇസ്രയേൽ, യഹോവയെ നിരാകരിച്ച് അന്യദൈവങ്ങളുടെ പിന്നാലെ പോകുമ്പോൾ അവിടുത്തേക്ക് ദു:ഖവും കോപവും ഒക്കെ ഉണ്ടെങ്കിലും അവരെ തന്നിലേക്ക് മടക്കിവരുത്താനുള്ള ശിക്ഷണമാണ് അവിടുന്ന് എന്നും നിർവ്വഹിച്ചത്. പഴയനിയമപ്രവാചകനായ മീഖായുടെ വചനം ഇപ്രകാരമാണല്ലോ, 'അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല. ദയയിൽ അല്ലോ അവന് പ്രസാദമുള്ളത്. അവൻ നമ്മോട് വീണ്ടും കരുണ കാണിക്കും'. സമൂഹവും സഭയും കുടുംബവും വ്യക്തിയും നേരിടുന്ന ഏതു കഷ്ടതയിലും പ്രതിസന്ധികളിലും ദൈവത്തിന് വ്യത്യസ്തവും വ്യക്തവുമായ ഉദ്ദേശ്യം ഉണ്ടെന്നുള്ള ഉൾക്കാഴ്ചയാണ് ദൈവമക്കൾക്ക് വേണ്ടത്.

അതേ, ദൈവിക ശിക്ഷണത്തിന്റെ ആത്യന്തിക ഉദ്ദേശ്യം തന്റെ മക്കളുടെ വിശുദ്ധീകരണമാണ്. എബ്രായലേഖനകർത്താവ് അത് വ്യക്തമാക്കുന്നുണ്ട്: '...അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായിത്തന്നെ ശിക്ഷിക്കുന്നത്' (എബ്രായർ 12: 10). വിശ്വാസത്തിന്റെ പരിശോധനയിലൂടെയാണ് വിശ്വാസിയുടെ ശുദ്ധീകരണം നടക്കുക. തന്റെ ജീവിതത്തിലെ കഷ്ടതകളുടെ ദൈവോദ്ദേശ്യം തിരിച്ചറിയാൻ കഴിഞ്ഞതാണ് ഇയ്യോബിന്റെ ജീവിതവിജയം. ദാവീദ് കീർത്തിക്കുന്നത് ഇങ്ങനെ: 'ദൈവമേ നീ ഞങ്ങളെ പരിശോധിച്ചിരിക്കുന്നു. വെള്ളി ഊതിക്കഴിക്കും പോലെ ഞങ്ങളെ ഊതിക്കഴിച്ചിരിക്കുന്നു (സങ്കീർത്തനം 66:10).

ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി ദൈവീക സ്വരൂപത്തോട് അനുരൂപരാക്കുവാനാണ് ദൈവം അവിടുത്തെ നുകം വഹിപ്പാൻ തന്റെ ശിഷ്യരെ വിളിക്കുന്നത് (മത്തായി 11: 28-30). നുകം എപ്പോഴും ശിക്ഷണത്തിന്റെ പ്രതീകമാണ്. അതുവഴി നമ്മിലെ അഹങ്കാരം മാറി നാം സൗമ്യതയുടെയും താഴ്മയുടെയും ഒറ്റയടിപ്പാതയിലൂടെ ക്രിസ്തുവിനോട് ചേർന്നുനടക്കുന്നവരാകും. അവിടുത്തെ നുകം മൃദുവും അവിടുത്തെ ചുമട് ലഘുവും ആകുന്നു എന്ന് യേശുനാഥൻ വാഗ്ദാനം ചെയ്തതാണ് ശിക്ഷണത്തിന്റെ നാൾവഴികളിൽ നമുക്ക് ആശ്വാസം പകരുന്ന കാര്യം.

**-എംസി**

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App
SIB Mirror+
Paytm amazon pay MobiKwik

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
350 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

**NERVEEDHI JULY 2026**
RNI No. KERMAL/2012/46138 . Date of Publishing 10.07.2026 . Annual Subscription Rs.350/-

# ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കഷ്ടതകളില്ലാത്ത ജീവിതമല്ല ജയജീവിതം, മറിച്ച് കഷ്ടങ്ങളെ ജയിക്കുന്ന ജീവിതമായിരിക്കും! ജനിച്ചിട്ടൊരിക്കലും ബുദ്ധിമുട്ടറിഞ്ഞിട്ടില്ലാത്ത ഒരുവന്റെ മുഖത്തെ പ്രസന്നതയെക്കാൾ എത്രയോ മടങ്ങായിരിക്കും പ്രതിസന്ധികളെ അതിജീവിച്ച് വിജയിച്ചുവരുന്നവന്റെ മുഖത്തെ തേജസ്സ്. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെങ്കിലും ധൈര്യപ്പെടുവിൻ എന്ന് കഷ്ടങ്ങളെ ജയിച്ച കർത്താവ് നമ്മോടാവശ്യപ്പെടുന്നു. ഒരു ജയജീവിതത്തിനായി നമ്മെ ഒരുക്കുവാൻ ദൈവവചനത്തിലെ പഠിപ്പിക്കലുകൾ ദൈവാശ്രയത്തോടും തികഞ്ഞ വൈദഗ്ദ്ധ്യത്തോടും വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഉത്തമ പഠനഗ്രന്ഥമാണ്




ഇപ്പോൾ ലഭ്യമാണ്

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Ph:8589819293, 9495435336*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.